# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പികെഡി-19/1167 /2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 07/10/2021
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പികെഡി-19/1167 /2021 തീയ്യതി: 07/10/2021

## പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-02-2021 മുതൽ 05-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-09-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എൻ.സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ | 06-09-2021 | 15-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-09-2021 | 15-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി.പി.സരിത, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ഗീത.കെ, ഓഡിറ്റർ

ശ്രീ.കെ.രാജൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശാലിനി കറുപ്പേഷ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 31-12-2020 |
| ശ്രീ.കെ.സത്യപാൽ | പ്രസിഡന്റ് | 01-01-2021 | 31-03-2021 |
| ശ്രീ.കെ.സന്തോഷ് | സെക്രട്ടറി | 01-04-2020 | 11-06-2020 |
| ശ്രീ.വിജിൽ വി മോഹൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-06-2020 | 18-06-2020 |
| ശ്രീമതി.കെ.സി.പ്രേമലത | സെക്രട്ടറി | 19-06-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിജിൽ.വി.മോഹൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ജിസ്ന.എ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 25-06-2020 |
| കൃഷ്ണനുണ്ണി കെ.സി | അസിസ്റ്റന്റ് എഞ്ചിനീയർ | 26-06-2020 | 31-03-2021 |
| നിസ.ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-I | 01-04-2020 | 08-10-2020 |
| പ്രമോദ്. ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-I | 09-10-2020 | 02-02-2021 |
| നിജാമുദ്ദീൻ.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർI | 03-02-2021 | 31-03-2021 |
| ഡോ. പ്രശാന്ത്.എസ് | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 01-04-2020 | 31-03-2021 |
| ഷാജി. കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർII | 01-04-2020 | 17-02-2021 |
| താജുന്നീസ. കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർII | 18-02-2021 | 31-03-2021 |
| ഡോ. ലീനാറാണി | മെഡിക്കൽ ഓഫീസർ (എഫ്. എച്ച്. സി) | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ. ഹേമ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| എൻ.ജി. വ്യാസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| വിജയലക്ഷ്മി .കെ | ഐ,സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-05-2020 |
| പ്രമീള. പി | ഐ,സി.ഡി.എസ് സൂപ്പർവൈസർ | 01-06-2020 | 10-11-2020 |
| സിമി.എം.ടി | ഐ,സി.ഡി.എസ് സൂപ്പർവൈസർ | 11-11-2020 | 31-03-2021 |
| ഡോ.രവിചന്ദ്രൻ | വെറ്റിനറി സർജ്ജൻ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K. Rajan (Auditor Trainee, On 06-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 24-09-2021) | 1-1 |
| 2 | നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: K. Rajan (Auditor Trainee, On 14-09-2021)<br>Last Updated By: K. Rajan (Auditor Trainee, On 14-09-2021) | 1-1-1 |
| 3 | യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നില്ല<br>Written By: K. Rajan (Auditor Trainee, On 14-09-2021)<br>Last Updated By: K. Rajan (Auditor Trainee, On 14-09-2021) | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രിക<br>Written By: K. Rajan (Auditor Trainee, On 06-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-2 |
| 5 | സാമ്പത്തിക വിശകലനം<br>Written By: K. Rajan (Auditor Trainee, On 06-09-2021)<br>Last Updated By: K. Rajan (Auditor Trainee, On 06-09-2021) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer, On 06-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: C.S.Santhosh (Audit Officer, On 06-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Saritha P (Senior Grade Auditor, On 06-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 24-09-2021) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Saritha P (Senior Grade Auditor, On 06-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 17-09-2021) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: K. Rajan (Auditor Trainee, On 06-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: C.S.Santhosh (Audit Officer, On 06-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 16-09-2021) | 1-9 |
| 12 | വസ്തു നികുതി നിർണ്ണയവും പിരിവും കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: K. Rajan (Auditor Trainee, On 15-09-2021)<br>Last Updated By: K. Rajan (Auditor Trainee, On 15-09-2021) | 1-10 |
| 13 | റസിഡൻഷ്യൽ ഹോം സ്റ്റേകൾ എന്ന വിഭാഗം സഞ്ചയയിൽ ഉൾപ്പെടുത്തിയില്ല<br>Written By: K. Rajan (Auditor Trainee, On 15-09-2021)<br>Last Updated By: K. Rajan (Auditor Trainee, On 15-09-2021) | 1-10-1 |
| 14 | എം.എസ്.എം.ഇ കളുടെ (സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ) വസ്തു നികുതി നിർണ്ണയത്തിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്<br>Written By: K. Rajan (Auditor Trainee, On 15-09-2021)<br>Last Updated By: K. Rajan (Auditor Trainee, On 15-09-2021) | 1-10-2 |
| 15 | പുതിയതായി നിർമ്മിക്കപ്പെടുന്ന എം.എസ്.എം.ഇ കളുടെ വസ്തു നികുതി ഉറപ്പാക്കേണ്ടതാണ്<br>Written By: K. Rajan (Auditor Trainee, On 15-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-10-3 |

| | | |
|---|---|---|
| 16 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്<br>Written By: K. Rajan (Auditor Trainee, On 15-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-10-4 |
| 17 | തൊഴിൽ നികുതി ഡിമാന്റ്, പിരിവ് എന്നിവ കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: K. Rajan (Auditor Trainee, On 15-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-11 |
| 18 | അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: K. Rajan (Auditor Trainee, On 15-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 17-09-2021) | 1-11-1 |
| 19 | സ്വകാര്യ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്ന ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്<br>Written By: K. Rajan (Auditor Trainee, On 15-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 16-09-2021) | 1-11-2 |
| 20 | വിവിധ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: K. Rajan (Auditor Trainee, On 15-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 17-09-2021) | 1-11-3 |
| 21 | സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Geetha K (Auditor, On 17-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-12 |
| 22 | ലൈസൻസ് അനുവദിക്കുന്നതിനെ കൃത്യത ഉറപ്പാക്കുന്നതിനുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല<br>Written By: Geetha K (Auditor, On 16-09-2021)<br>Last Updated By: Geetha K (Auditor, On 17-09-2021) | 1-12-1 |
| 23 | വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മെഷിനറികൾ സ്ഥാപിക്കുന്നതിനും പുതുക്കുന്നതിനുമുള്ള ഫീസ് ഈടാക്കിയില്ല<br>Written By: Geetha K (Auditor, On 16-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-12-2 |
| 24 | വ്യവസായ വകുപ്പിന്റെ KSWIFT പോർട്ടൽ മുഖേന ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ ലൈസൻസ് ഫീ ഗ്രാമപഞ്ചായത്തിന്റ അക്കൗണ്ടിലേക്ക് മാറ്റിയില്ല<br>Written By: Geetha K (Auditor, On 16-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-12-3 |
| 25 | ഗ്രാമപഞ്ചായത്തിന്റെ കടമുറികളുടെ കയ്യൊഴിക്കൽ നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Geetha K (Auditor, On 16-09-2021)<br>Last Updated By: Geetha K (Auditor, On 17-09-2021) | 1-13 |
| 26 | കടമുറികളുടെ വാടക ഈടാക്കുന്നതിനായി ബൈലോ തയ്യാറാക്കിയിട്ടില്ല<br>Written By: Geetha K (Auditor, On 17-09-2021)<br>Last Updated By: Geetha K (Auditor, On 17-09-2021) | 1-13-1 |
| 27 | കടമുറികൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്<br>Written By: Geetha K (Auditor, On 17-09-2021)<br>Last Updated By: Geetha K (Auditor, On 17-09-2021) | 1-13-2 |
| 28 | കടമുറികളുടെ വാടക – സംവരണം പാലിക്കേണ്ടതാണ്<br>Written By: Geetha K (Auditor, On 17-09-2021)<br>Last Updated By: Geetha K (Auditor, On 17-09-2021) | 1-13-3 |
| 29 | ഷോപ്പിംഗ് കോംപ്ലക്സ് വാടക ഇനത്തിലെ കുടിശ്ശിക | 1-13-4 |

| | | |
|---|---|---|
| | ഈടാക്കേണ്ടതാണ്<br>Written By: Geetha K (Auditor, On 17-09-2021)<br>Last Updated By: Geetha K (Auditor, On 17-09-2021) | |
| 30 | അനധികൃത കെട്ടിട നിർമ്മാണങ്ങളുടെ വിവരങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നില്ല<br>Written By: Geetha K (Auditor, On 16-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-14 |
| 31 | നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം അനുശാസിക്കുന്ന പരിധിയിൽ കവിഞ്ഞ വിസ്തൃതിയുള്ള ഭൂമിയിലെ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നുവദിച്ചു<br>Written By: Geetha K (Auditor, On 16-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-15 |
| 32 | ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിലുള്ള കോവിഡ് പ്രവർത്തനങ്ങളുടെ അവലോകനം<br>Written By: Saritha P (Senior Grade Auditor, On 16-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-16 |
| 33 | ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണ സംവിധാനങ്ങളുടെ കാര്യക്ഷമത വിലയിരുത്തൽ<br>Written By: Saritha P (Senior Grade Auditor, On 16-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-17 |
| 34 | ഗ്രാമപഞ്ചായത്തിന്റെ തെരുവുവിളക്കു പരിപാലനം<br>Written By: Saritha P (Senior Grade Auditor, On 16-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-18 |
| 35 | ഗ്രാമപഞ്ചായത്തിന്റെ മാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമാക്കണം<br>Written By: Saritha P (Senior Grade Auditor, On 16-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-19 |
| 36 | ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Saritha P (Senior Grade Auditor, On 16-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-20 |
| 37 | ഹരിത കർമ്മസേനകൾക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടിനത്തിൽ അധിക തുക അനുവദിച്ചു<br>Written By: Geetha K (Auditor, On 16-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-21 |
| 38 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ തുകകളുടെ വിനിയോഗ വിവരം ലഭ്യമായില്ല<br>Written By: Saritha P (Senior Grade Auditor, On 16-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 24-09-2021) | 1-22 |
| 39 | കുടിവെള്ള പദ്ധതികളുടെ പഴയ മോട്ടോറുകൾ ലേലം ചെയ്ത് കയ്യൊഴിക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 16-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 24-09-2021) | 1-23 |
| 40 | എസ്.എസ്.കെ പദ്ധതി - രേഖകൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Saritha P (Senior Grade Auditor, On 16-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-24 |
| 41 | ലൈഫ് ഭവന നിർമ്മാണ പദ്ധതി പുരോഗതി വിലയിരുത്തൽ<br>Written By: Geetha K (Auditor, On 17-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-25 |
| 42 | ഹോമിയോ ആശുപത്രിക്കാവശ്യമായ മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-26 |

| | | |
|---|---|---|
| | Written By: K. Rajan (Auditor Trainee, On 15-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | |
| 43 | കോവിഡിന്റെ പശ്ചാത്തലത്തിൽ ആവിഷ്കരിച്ച സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി ഫിഷറീസ് മേഖലയിൽ ഏറ്റെടുത്ത പദ്ധതികൾ നടപ്പിലാക്കിയില്ല<br>Written By: C.S.Santhosh (Audit Officer, On 16-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-27 |
| 44 | അഗതിരഹിതകേരളം പദ്ധതിക്കായി നൽകിയ തുക സമയബന്ധിതമായി ചെലവഴിക്കേണ്ടതാണ്<br>Written By: Geetha K (Auditor, On 16-09-2021)<br>Last Updated By: Geetha K (Auditor, On 17-09-2021) | 1-28 |
| 45 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നത് ഒഴിവാക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 16-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-29 |
| 46 | വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകുന്നതിനുള്ള ടെണ്ടറിൽ സമയക്രമം പാലിച്ചില്ല<br>Written By: Geetha K (Auditor, On 16-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-30 |
| 47 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 16-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-31 |
| 48 | മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിൽ കൃത്യത പാലിക്കണം<br>Written By: C.S.Santhosh (Audit Officer, On 16-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-32 |
| 49 | ആസ്തി സംരക്ഷണം-മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 16-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-33 |
| 50 | കാരാട്ടുപാടം എസ്.സി കോളനി കുടിവെള്ള പദ്ധതി-ഭൗതികലക്ഷ്യം കൈവരിച്ചില്ല<br>Written By: C.S.Santhosh (Audit Officer, On 16-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-34 |
| 51 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരിൽ നിന്നും PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല<br>Written By: C.S.Santhosh (Audit Officer, On 16-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-35 |
| 52 | മരുതി റോഡ് സൈഡ് പ്രൊട്ടക്ഷൻ-റീടെണ്ടറിൽ ചട്ടം അനുശാസിക്കും പ്രകാരമുള്ള നെഗോഷ്യേഷൻ നടത്തിയില്ല<br>Written By: C.S.Santhosh (Audit Officer, On 16-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-36 |
| 53 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുമ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ച് കാലാവധി നിജപ്പെടുത്തുന്നില്ല<br>Written By: C.S.Santhosh (Audit Officer, On 16-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 1-37 |
| 54 | സ്ഥല ലഭ്യത ഉറപ്പാക്കാതെ മിനി കുടിവെള്ള പദ്ധതികൾക്ക് വാട്ടർ ടാങ്ക് നിർമ്മാണത്തിനുള്ള പദ്ധതി ഏറ്റെടുത്തു - ഭൗതിക ലക്ഷ്യം കൈവരിച്ചില്ല | 1-38 |

| | | |
|---|---|---|
| | Written By: C.S.Santhosh (Audit Officer, On 16-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | |
| **ഭാഗം 2** | | |
| 1 | ജീവനക്കാരിൽ നിന്നും ചട്ട പ്രകാരം ഈടാക്കേണ്ട തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: K. Rajan (Auditor Trainee, On 15-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 2-1 |
| **ഭാഗം 3** | | |
| 1 | ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് ആയി അധിക തുക അനുവദിച്ചു<br>Written By: Geetha K (Auditor, On 18-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 24-09-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: C.S.Santhosh (Audit Officer, On 06-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 15-09-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer, On 06-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 06-09-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 06-09-2021)<br>Last Updated By: Saritha P (Senior Grade Auditor, On 18-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.S.Santhosh (Audit Officer, On 06-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 06-09-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: C.S.Santhosh (Audit Officer, On 06-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 24-09-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 06-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 06-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: C.S.Santhosh (Audit Officer, On 06-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 06-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 06-09-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 06-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 06-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.S.Santhosh (Audit Officer, On 06-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 07-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.S.Santhosh (Audit Officer, On 06-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 06-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | വിവിധ പത്രികകൾ-സംഗ്രഹം | |

## ഭാഗം -1

### 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

18-03-2020-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. (1) പ്രകാരം 2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് പാസാക്കിയതിന്റെ വിവരം ലഭ്യമായില്ല.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 2180427 |
| തൻവർഷം വരവ് | 312256421 |
| ആകെ വരവ് | 314436848 |
| ചെലവ് | 306469737 |
| നീക്കിയിരിപ്പ് | 7967111 |

### 1-1-1 നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല

ബജറ്റ് ഫയലും മിനിറ്റ്സുകളും പരിശോധിച്ചതിൽ ഘടക സ്ഥാപന മേധാവികളോട് നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ 25.10.2019-ന് സെക്രട്ടറി രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോപ്പോസലുകൾ ലഭ്യമായതായി കാണുന്നില്ല. ബജറ്റ് തയ്യാറാക്കുന്നതിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ കണക്കിലെടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് മാന്വലിൽ നിർദ്ദേശിക്കപ്പെട്ട സമയക്രമം പാലിച്ചതായും കാണുന്നില്ല.

തുടർവർഷങ്ങളിൽ ബജറ്റ് നടപടികളുടെ സമയക്രമം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-2 യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നില്ല

2020-21 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ ഭീമമായ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ തുക |
|---|---|---|
| തൻവർഷത്തെ വരവ് | 312256421 | 108321305 |
| തൻവർഷത്തെ ചെലവ് | 306469737 | 117241853 |

പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ക്രിയാത്മ നിർദ്ദേശങ്ങൾ ബജറ്റിൽ ഉയർന്നു വന്നതായും കാണുന്നില്ല. വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരി | അപാകത പരിഹരിച്ച് |
|---|---|---|---|---|

| | | | ക്കാൻ തിരിച്ചയച്ച തീയതി | ലഭിച്ച തീയതി |
|---|---|---|---|---|
| 2020- 21 | 31-7-2021 | 26-05-2021 | - | - |

വാർഷിക കണക്കിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചില്ല. ആയതിനാൽ സംഖ്യയിലെ ആസ്തി മൂല്യം കൃത്യമായി പ്രതിഫലിക്കുന്നില്ല.

2. സംയുക്ത പ്രോജക്റ്റുകൾക്കായി ലഭിച്ച തുകകൾ സമയബന്ധിതമായി ചെലവഴിക്കാതിരുന്നിട്ടും അതാത് സ്ഥാപനങ്ങളിലേക്ക് തിരിച്ചടച്ചിട്ടില്ല.

4. നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് നിർമ്മിച്ച് നൽകുന്നതിനായി ലഭ്യമായ തുകയിൽ ബാക്കി നിൽക്കുന്ന 40000/- രൂപ തിരിച്ചടച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20894967 |
| വരവ് | 108321305 |
| ആകെ | 129216272 |
| ചെലവ് | 117241853 |
| നീക്കിയിരിപ്പ് | 11974419 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 21277493 | 21277493 | 19715934 | 1561559 |
| വികസനഫണ്ട് -എസ്.സി.പി | 0 | 16610726 | 16610726 | 6074611 | 10536115 |
| വികസനഫണ്ട് -ടി.എസ്.പി | 0 | 1452000 | 1452000 | 0 | 1452000 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 19351000 | 19351000 | 12402789 | 6948211 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 6763888 | 6763888 | 5404300 | 1359588 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അടിസ്ഥാന ഗ്രാന്റ് | | 19292713 | 19292713 | 10840203 | 8452510 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ് | 0 | 8670000 | 8670000 | 2294862 | 6375138 |

കേന്ദ്രാവിഷ്കൃതം

1. ICDS

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 799788 | 1400105 | 2199893 | 1472075 | 727818 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1929 | 1727820 | 1729749 | 1726312 | 3437 |
| എം.എൻ.ആർ.ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം | 0 | 37901824 | 37901824 | 37901824 | 0 |

3. ശുചിത്വ ഫണ്ട്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം-1 | 1107605 | 0 | 1107605 | 0 | 1107605 |

സസ്ഥാനാവിഷ്കൃാവിഷ്കൃതം

ശുചിത്വ മിഷൻ ഗ്രാന്റ്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 973291 | 0 | 973291 | 940271 | 33020 |
| ശുചിത്വം-വാർഡ്തല കാമ്പയിൽ | 0 | 180000 | 180000 | 180000 | 0 |
| ശുചിത്വം-ഗ്രാന്റ് | 854654 | 2746658 | 3601312 | 1227100 | 2374212 |

ലൈഫ് മിഷൻ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി | 6000000 | 1960000 | 7960000 | 7660000 | 300000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 229 | 195026394 | 162 | 81937909 | 0 | 67 | 71 |

അംഗീകാരം ലഭ്യമായ പ്രോജക്റ്റുകളിൽ 71% എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 42% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

### 1-5-2

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 24726114 | 16803332 | 68 |
| മെഡിക്കൽ ഓഫീസർ-PHC | 4 | 4 | 611500 | 582069 | 95 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 300000 | 300000 | 100 |
| മെഡിക്കൽ ഓഫീ സർ-ആയുർവേദം | 1 | 1 | 1200000 | 1200000 | 100 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ-1 | 10 | 9 | 41459632 | 13656706 | 33 |
| വി.ഇ.ഒ-2 | 6 | 2 | 39819458 | 1294300 | 3 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16 | 10 | 17947038 | 8631926 | 48 |
| സെക്രട്ടറി | 26 | 18 | 12449880 | 8808912 | 71 |
| അസി.സെക്രട്ടറി | 5 | 3 | 2058413 | 630570 | 31 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 154 | 110 | 51334359 | 30030094 | 58 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 0 | 3120000 | 0 | 0 |
| ആകെ | 229 | 162 | 195026394 | 81937909 | 42 |

തൻവർഷം വെറ്ററിനറി സർജ്ജൻ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ പദ്ധതികളൊന്നും ഏറ്റെടുത്തിട്ടില്ല. ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച രണ്ട് പ്രോജക്റ്റുകൾ നടപ്പാക്കിയിട്ടില്ല.

അതാതു സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1929 | 1727820 | 1729749 | 1726312 | 3437 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 37901824 | 37901824 | 37901824 | 0 |
| ആകെ | 1929 | 39629644 | 39631573 | 39628136 | 3437 |

2020-21 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴിൽ ലഭിക്കുന്നതിനായി രജിസ്റ്റർ ചെയ്തത് 5054 കുടുംബങ്ങളാണ്. എല്ലാവർക്കും തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 490 പദ്ധതികളിൽ 390 എണ്ണം നടപ്പാക്കി. ഇതിൽ 339 പദ്ധതികളാണ് തൻവർഷം പൂർത്തീകരിച്ചിട്ടുള്ളത്. മെറ്റീരിയൽ പ്രവൃത്തികൾ 11 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. നടപ്പാക്കിയ പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു

| പ്രവൃത്തി ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പ്രവൃത്തികളുടെ എണ്ണം |
|---|---|
| മണ്ണ്- ജല സംരക്ഷണം | -- |
| ചെറുകിട ജലസേചനം | 221 |
| പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം | 40 |
| പരമ്പരാഗത ജല സ്രോതസ്സുകളുടെ പുനരുദ്ധാരണം | 22 |
| ഭവന നിർമ്മാണം ഉൾപ്പെടെ മറ്റു പ്രവൃത്തികൾ | 24 |
| ഭൂവികസനം | 7 |
| റോഡ് നിർമ്മാണം | 15 |

അംഗീകാരം ലഭിക്കുന്ന പദ്ധതികൾ പരമാവധി നടപ്പിലാക്കുന്നതിനും തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് വർഷത്തിൽ 100 ദിവസത്തെ തൊഴിൽ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും വരും വർഷങ്ങളിൽ പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 23,520.00 | 35 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 10,661,500.00 | 4191 |
| 3 | വിധവാ പെൻഷൻ | 24,921,300.00 | 9086 |
| 4 | വാർദ്ധക്യകാല പെൻഷൻ | 29,252,700.00 | 11663 |
| 5 | വികലാംഗ പെൻഷൻ | 4,867,700.00 | 1915 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹി തരായ വനിതകൾക്കുള്ള പെൻഷൻ | 1,817,300.00 | 681 |

1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6-9-2021 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 14144 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.
വസ്തു നികുതി, തൊഴിൽ നികുതി എന്നിവ പിരിച്ചെടുക്കുന്നതിൽ സെക്ഷനുകൾ കൃത്യത ഉറപ്പാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥർ പരിശോധിക്കാത്തതിനാൽ നികുതിയിനത്തിൽ കുറവുണ്ടാകുന്നുണ്ട്. സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ കാലാകാലങ്ങളിലെ നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഉറപ്പാക്കേണ്ട നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുകയുടെ വിവരം രേഖപ്പെടുത്തി സൂക്ഷിക്കുകയോ ബാക്കി തുക തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല. വായ്പാ തുകയുടെ തിരിച്ചടവിന്റെ കൃത്യത നിരീക്ഷിക്കുന്നതിനായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
വിവിധ സെക്ഷനുകൾക്ക് ഏൽപ്പിച്ചു നൽകുന്ന ചുമതലകൾ സമയബന്ധിതമായി നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാനായി ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്.

1-10 വസ്തു നികുതി നിർണ്ണയവും പിരിവും കാര്യക്ഷമമാക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്കരിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന്, 2013 ൽ ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. പഴയ നികുതിദായകർക്ക് 1-4-2013 മുതൽക്കാണ് പുതുക്കിയ നിരക്ക് ബാധകമാക്കിയത്. ചട്ടങ്ങൾ പ്രകാരം സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പുതിയ ഉപയോഗക്രമങ്ങൾക്കുള്ള നികുതി നിർണ്ണയ വിജ്ഞാപനങ്ങൾ പ്രകാരമുള്ള അടിസ്ഥാന നികുതി നിരക്ക് അതത് സ്ഥാപനങ്ങൾ നിശ്ചയിച്ച് പഞ്ചായത്ത് തീരുമാനം എടുത്ത് സഞ്ചയയിൽ ചേർക്കുന്നതിൽ വരുത്തുന്ന വീഴ്ച, യഥാർത്ഥ ഉപയോഗക്രമത്തിന്റെ കൃത്യമല്ലാതിരിക്കൽ മുതലായവ നികുതി തെറ്റായി നിർണ്ണയിക്കുന്നതിനിടയാക്കുന്നതാണ്. സഞ്ചയയിലെ ഡാറ്റയുടെ കൃത്യത പിരിശോധിക്കുവാനായി പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. വസ്തു നികുതി നിർണ്ണയത്തിലെ കൃത്യത പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകളും നിർദ്ദേശങ്ങളും തുടർ ഖണ്ഡികകളായി ചേർക്കുന്നു.

1-10-1 റസിഡൻഷ്യൽ ഹോം സ്റ്റേകൾ എന്ന വിഭാഗം സഞ്ചയയിൽ ഉൾപ്പെടുത്തിയില്ല

സ.ഉ(അ)നം.53/2020/തസ്വഭവ തിയതി 8-9-2020 പ്രകാരം 'റസിഡൻഷ്യൽ ഹോം സ്റ്റേ' എന്ന കെട്ടിട വിഭാഗത്തിന് കുറഞ്ഞത് 10 രൂപയും കൂടിയ നിരക്ക് 25 രൂപയും നിശ്ചയിച്ച് സർക്കാർ

വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് ഗ്രാമപഞ്ചായത്ത് ഉചിതമായ നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തി ഈ വിഭാഗത്തിന് പുതുക്കിയ നികുതി നിർണ്ണയിക്കേണ്ടതാണ്. കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ ഡാറ്റാ ബേസിൽ 'റസിഡൻഷ്യൽ ഹോം സ്റ്റേ' എന്ന വിഭാഗം കെട്ടിടത്തിന്റെ അടിസ്ഥാന നികുതി നാളിതുവരെ ഉൾപ്പെടുത്തിയിട്ടില്ല.

കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപന പ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടും മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ ഇക്കാര്യം പരിശോധിച്ചിട്ടില്ല. വിവിധ സെക്ഷനുകൾ സമയബന്ധിതമായി നികുതി നിർണ്ണയം പോലുള്ള ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു.
അത്തരത്തിലുള്ള സ്ഥാപനങ്ങൾ നിലവിലുണ്ടെങ്കിൽ പുതുക്കിയ വസ്തു നികുതി ബാധകമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 19(1)/14-9-2021 നുള്ള മറുപടിയിൽ നികുതി നിർണ്ണയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10-2 എം.എസ്.എം.ഇ കളുടെ (സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ) വസ്തു നികുതി നിർണ്ണയത്തിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്

എസ്.ആർ.ഒ നം. 100/2015 (സ.ഉ(അ)നം.36/2015/തസ്വഭവ തിയതി 24-02-2015) പ്രകാരം എം.എസ്.എം.ഇ വിഭാഗത്തിലെ കെട്ടിടങ്ങൾക്കുള്ള കൂടിയതും കുറഞ്ഞതുമായ വസ്തു നികുതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ വിജ്ഞാപനപ്രകാരമുള്ള നിരക്കു നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ കൃത്യത പരിശോധിക്കപ്പെടുന്നില്ല. എം.എസ്.എം.ഇ കളുടെ കൃത്യത ഉറപ്പാക്കുന്നതിനായുള്ള രേഖകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഡാറ്റാ പ്യൂരിഫിക്കേഷനിലും രേഖകൾ പരിശോധിച്ചതായി കാണുന്നില്ല.

സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡാറ്റ പ്രകാരം ഗ്രാമപഞ്ചായത്തിൽ 28 എം.എസ്.എം.ഇ കൾക്ക് വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഈ വിഭാഗത്തിലെ കെട്ടിടങ്ങൾക്ക് 15 രൂപ അടിസ്ഥാന നികുതിയായി നിശ്ചയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ MSME Development Act, 2006 പ്രകാരം MSME മന്ത്രാലയത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടത്. വ്യവസായ സ്ഥാപനങ്ങളുടെ കൃത്യത ഉറപ്പാക്കുന്നതിനായി ഉദ്യോഗ് ആധാർ മെമ്മോറാണ്ടമോ, ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ, ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നുള്ള രേഖകൾ പരിശോധിച്ച് അവ യഥാർത്ഥ എം.എസ്.എം.ഇ കൾ തന്നെയാണെന്ന് ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 19(1)/14-9-2021 നുള്ള മറുപടിയിൽ സ്ഥാപനങ്ങളുടെ രേഖകൾ പരിശോധിച്ച് നികുതി പുനർനിർണ്ണയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

എം.എസ്.എം.ഇ കൾ എന്ന നിർവ്വചനത്തിൽ ഉൾപ്പെടാത്ത മറ്റു വ്യവസായ സ്ഥാപനങ്ങൾക്ക് ബാധകമായി വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10-3 പുതിയതായി നിർമ്മിക്കപ്പെടുന്ന എം.എസ്.എം.ഇ കളുടെ വസ്തു നികുതി ഉറപ്പാക്കേണ്ടതാണ്

2019 ലെ കേരള എം.എസ്.എം.ഇ ഫെസിലിറ്റേഷൻ ആക്റ്റ് (2019 ലെ കേരള സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ്, 2020) (ആക്റ്റ് 7-12-2020 ന് നിലവിൽ വന്നു) ലെ കേരള എം.എസ്.എം.ഇ ഫെസിലിറ്റേഷൻ ചട്ടങ്ങൾ (2019 ലെ കേരള സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ്) (ചട്ടങ്ങൾ 6-1-2020 ന് നിലവിൽ വന്നു) എന്നിവ പ്രകാരം പുതിയതായി ആരംഭിക്കുന്ന എം.എസ്.എം.ഇ കളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും മറ്റു വകുപ്പുകളുടേയും വിവിധ അനുമതികളിൽ നിന്നും പരിശോധനകളിൽ നിന്നും മൂന്നു വർഷം വരെ ഒഴിവാക്കിയിട്ടുണ്ട്. ചട്ടപ്രകാരം രൂപീകരിക്കുന്ന നോഡൽ ഏജൻസി മുമ്പാകെ നിശ്ചിത ഫീസ്

സഹിതം സ്വയം സാക്ഷ്യപത്രം (Self Certification) സമർപ്പിക്കുകയും ആയതിന്മേലുള്ള പരിശോധനയ്ക്കു ശേഷം നോഡൽ ഏജൻസി നൽകുന്ന കൈപ്പറ്റ് സാക്ഷ്യപത്രം (Acknowledgement Certificae) കൈവശമുള്ള പുതിയ എം.എസ്.എം.ഇ കൾക്കാണ് അത്തരം അനുമതികളിൽ നിന്നും പരിശോധനകളിൽ നിന്നും മൂന്ന് വർഷത്തേക്ക് ഒഴിവ് നൽകിയിട്ടുള്ളത്. കെട്ടിട നിർമ്മാണ പെർമിറ്റ്, ലൈസൻസ് മുതലായവയിൽ നിന്നും മറ്റ് സ്ഥാപനങ്ങളുടെ വിവിധ അനുമതികളിൽ എന്നിവ ഇതിൽ ഉൾപ്പെടുന്നതാണ്. എന്നാൽ കേരള എം.എസ്.എം.ഇ സുഗമമാക്കൽ ആക്റ്റ്, 2019 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വസ്തു നികുതി, തൊഴിൽ നികുതി എന്നിവയിൽ നിന്നും പ്രസ്തുത സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടില്ലാത്തതിനാൽ കൈപ്പറ്റ് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ളതും അല്ലാത്തതുമായ എം.എസ്.എം.ഇകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ നിയമാനുസൃതം ലഭിക്കേണ്ട വസ്തു നികുതി, തൊഴിൽ നികുതി എന്നിവ നിർണ്ണയിച്ച് ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 19(3)/14-9-2021 നുള്ള മറുപടിയിൽ അത്തരത്തിലുള്ള സ്ഥാപനങ്ങൾ നിലവിലുണ്ടോ എന്ന് പരിശോധിച്ച് നികുതി നിർണ്ണയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10-4 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 17 മൊബൈൽ ടെലഫോൺ ടവറുകളാണുള്ളത്. കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 31.01.2012 ലെ 4-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മൊബൈൽ ടവറുകളുടെ അടിസ്ഥാന വസ്തു നികുതി 500 രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

സഞ്ചയ ഡിമാന്റ് രജിസ്റ്ററിന്റെ പരിശോധനയിൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാൻ കുടിശ്ശികയുള്ളതായി കാണുന്നു. 2020-21 കാലയളവ് വരെ ആകെ വസ്തു നികുതി കുടിശ്ശിക 102064/- രൂപ ആണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടം നം, ഇൻസ്റ്റലേഷൻ നടത്തിയ വർഷം | ഉടമയുടെ പേര് (സഞ്ചയയിൽ ലഭ്യമായ വിവരം ) | കെട്ടിടത്തിന്റെ തറവിസ്തീർണ്ണം (ച.മീ) | ഒരു അർദ്ധ വർഷത്തിന് നിർണ്ണയിച്ച ആകെ വസ്തു നികുതി | കുടിശ്ശിക ഏത് വർഷം മുതൽ | 2020-21 വരെയുള്ള നികുതി കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | 11/268/ 2010 | എയർസെൽ | 16 | 5040 | 2016 മുതൽ | 46625 |
| 2 | 9/231/ 2011 | ബിഎസ്എൻഎൽ | 11 | 3465 | 2013 മുതൽ | 55439 |
| ആകെ | | | | 102064/- | | |

ഓഡിറ്റ് അന്വേഷണം നം. 19(4)/14-9-2021 നുള്ള മറുപടിയിൽ സ്ഥാപനങ്ങളുടെ നികുതി കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

വസ്തു നികുതി നിർണ്ണയവും പിരിവും കാര്യക്ഷമമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. കുടിശ്ശിക ഈടാക്കുന്നതിനായി സ്വീകരിച്ച ആർ.ആർ നടപടികളുടെ തുടർനടപടികൾ ഉണ്ടാകേണ്ടതാണ്.

## 1-11 തൊഴിൽ നികുതി ഡിമാന്റ്, പിരിവ് എന്നിവ കാര്യക്ഷമമാക്കേണ്ടതാണ്

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (1), (2) പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും 1997 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ പട്ടിക പ്രകാരം ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യതയും രേഖകളുടെ സൂക്ഷിപ്പും പരിശോധിക്കുവാൻ ഓഡിറ്റ് ലക്ഷ്യമിടുകയും ആയതനുസരിച്ച് ഡിമാൻറ് രജിസ്റ്റർ, റിട്ടേണുകൾ, ലൈസൻസ് രജിസ്റ്റർ, ലൈസൻസ് അപേക്ഷകൾ എന്നിവ പരിശോധിക്കുകയും ചെയ്തു. പരിശോധനയിൽ കണ്ടെത്തിയ പോരായ്മകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

<u>1-11-1 അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

1997 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ പട്ടികയിൽ ഓരോ അർദ്ധ വർഷത്തിലും ജീവനക്കാരുടെ വരുമാനം അടിസ്ഥാനമാക്കി ഈടാക്കാവുന്ന പരമാവധി തൊഴിൽ നികുതി എത്രയാണെന്ന് നൽകിയിട്ടുണ്ട്. കളരി കോവിലകം ആയുർവേദിക് ട്രീറ്റ്മെന്റ് സെന്റർ, കൊല്ലങ്കോട് എന്ന സ്ഥാപനത്തിന്റെ തൊഴിൽ നികുതി റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവ പ്രകാരം ചട്ടത്തിലെ പട്ടിക പ്രകാരമുള്ള നിരക്കിൽ നിന്നും വ്യത്യസ്ഥമായ തുകയാണ് ഈടാക്കിയിട്ടുള്ളതെന്നും ഈടാക്കാവുന്ന ഏറ്റവും കുറഞ്ഞ തുക പോലും ഈടാക്കിയിട്ടില്ലെന്നും കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്തിന് ഏറ്റവും കുറഞ്ഞത് 3493 രൂപയുടെ നഷ്ടം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഖ. 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നികുതി തെറ്റായി ഈടാക്കിയിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 11(1)/10-9-2021 നുള്ള മറുപടിയിൽ കുറവായി ഈടാക്കിയ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. (ഖ.2-1 കൂടി കാണുക).

<u>1-11-2 സ്വകാര്യ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്ന ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്</u>

2020-21 വർഷത്തിൽ ലൈസൻസ് അനുവദിക്കപ്പെട്ടതോ, പുതുക്കിയതോ ആയ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | വാർഡ്/ കെട്ടിട നം. | അർദ്ധ വർഷം |
|---|---|---|---|---|
| 1 | പാലക്കാട് പാഡി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി | 4 | - | 1 &2 |
| 2 | ലിയോ എക്സ്പോർട്സ് | 12 | 16/535, 539 | 1 &2 |
| 3 | ജാസ് മോട്ടേഴ്സ് | 4 | 10/725 | 1 &2 |
| 4 | തൃശ്ശൂർ ഗോൾഡ് സെന്റർ | 4 | 3/920, 922, 923 | 1 &2 |
| 5 | ഇന്ത്യൻ ഡിസ്ട്രിബ്യൂട്ടേഴ്സ് | 4 | 3/1036 | 1 &2 |
| 6 | പി.എസ്.ടി ഫ്യൂവൽസ് | 4 | 11/573 | 1 &2 |
| 7 | എസ്.ജെ.എ ഫ്യൂവൽസ് | 8 | 2/165 | 1 &2 |
| 8 | നട്സ് സ്പെയ്സ് ഇന്ത്യ പ്രൈ.ലിമി. | 18 | 14/495 | 1 &2 |
| 9 | ഐശ്വര്യ ബ്രിക്സ് | 20 | 9/729 | 1 &2 |
| 10 | എസ്.പി.കെ പ്രിന്റേഴ്സ് | 6 | 11-306, 307 | 1 &2 |

| | | | | |
|---|---|---|---|---|
| 11 | എം.എസ് ഡിസൈനേർസ് | 7 | 6/717 | 1 &2 |
| 12 | സൂരജ് ആഗ്രോമിൽ പ്രൈ ലിമി. | 8 | 15/16 | 1 &2 |
| 13 | സത്യഭാമ ഫ്യൂവൽസ് | 6 | 2/2 | 1 &2 |

ഓഡിറ്റ് അന്വേഷണം നം. 11(2)/10-9-2021 നുള്ള മറുപടിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-11-3 വിവിധ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല**

താഴെ പറയുന്ന സ്ഥാപനങ്ങ്ളുടെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ഇസാഫ് ബാങ്ക് | 1 & 2 |
| 2 | കെ.എസ്.എഫ്.ഇ | 1 |
| 3 | എസ്.ബി.ഐ. | 1 & 2 |
| 4 | ധനലക്ഷ്മി ബാങ്ക് | 1 & 2 |
| 5 | കനറാ ബാങ്ക് | 1 |
| 6 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കൊല്ലങ്കോട് ബ്രാഞ്ച് | 1&2 |
| 7 | മർച്ചന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1&2 |
| 8 | മുത്തൂറ്റ് ഫിൻ കോർപ്പ് | 1&2 |
| 9 | മണപ്പുറം ഫൈനാൻസ് | 1&2 |

ഓഡിറ്റ് അന്വേഷണം നം. 11(3)/10-9-2021 നുള്ള മറുപടിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-12 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്**

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിൽ കാര്യക്ഷമത പ്രകടിപ്പിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിരീക്ഷണങ്ങളും ശുപാർശകളും തുടർ ഖണ്ഡികകളായി ചേർക്കുന്നു.

**1-12-1 ലൈസൻസ് അനുവദിക്കുന്നതിനെ കൃത്യത ഉറപ്പാക്കുന്നതിനുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല**

2020-21 ലെ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 434 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ട്രേഡേഴ്സ് രജിസ്റ്ററിൽ 209 സ്ഥാപനങ്ങളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരം കാണിക്കുന്ന രജിസ്റ്ററിൽ വിവരം കാലികമാക്കി സൂക്ഷിക്കുന്നില്ല എന്ന് വിലയിരുത്തുന്നു. സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യം, വ്യവസായം എന്നീ ഉപയോഗക്രമങ്ങളിലായി 18 വാർഡുകളിലായി 1663 കെട്ടിടങ്ങളാണ് നിലവിലുള്ളത്. അവയിൽ ലൈസൻസ് ആവശ്യമായ എത്ര കെട്ടിടങ്ങളുണ്ടെന്ന് കണ്ടെത്തുന്നതിനായി സ്പെഷ്യൽ ഡ്രൈവ് നടത്തേണ്ടതും സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്ത് കാലികമാക്കി മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുകയോ പുതുക്കുകയോ ചെയ്തിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-12-2 വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മെഷിനറികൾ സ്ഥാപിക്കുന്നതിനും പുതുക്കുന്നതിനുമുള്ള ഫീസ് ഈടാക്കിയില്ല**

1996 കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ്

സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18 വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനോ, ഉപയോഗിക്കുന്നതിനോ പട്ടിക-iii പ്രകാരമുള്ള ഫീസ് ഒടുക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മോട്ടോറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പട്ടിക പ്രകാരമുള്ള ഫീസ് പ്രത്യേകമായി ഈടാക്കിയിട്ടില്ലെന്ന് അപേക്ഷകളുടെ പരിശോധനയിൽ കണ്ടെത്തി.

| ക്രമ നം. | ലൈസൻസ് എടുത്ത വ്യക്തിയുടെ പേര് | സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ ലൈസൻസ് ഫീ | ഉപയോഗിക്കുന്ന കുതിര ശക്തി | ചുമത്താവുന്ന പരമാവധി ഫീസ് |
|---|---|---|---|---|---|
| 1 | നിസ്സാർ, ആനമാറി | ബ്രദേഴ്സ് ഫ്ലോർ മിൽ, ആനമാറി | 500 | 10 | 100 |
| 2 | വേലായുധൻ, ചിക്കനംപാറ | ബാബു ഇൻഡ സ്ടീസ് ലെത്ത് വർക്ക് ഷോപ്പ് | 500 | 10 | 100 |
| 3 | ഡി.ഗോപാലകൃഷ്ണൻ, നെന്മേനി | ശ്രീകൃഷ്ണ റൈസ് & ഫ്ലോർ മിൽ | 500 | 10 | 100 |
| 4 | സുഷമകുമാരി പി, മേട്ടുപാളയം, കൊല്ലങ്കോട് | സൂര്യ ഫ്ലോർ മിൽ | 500 | 7.5 | 100 |
| 5 | സുമേഷ്.സി.കെ, നെന്മേനി | സി.കെ റൈസ് മിൽ | 500 | 20 | 200 |
| 6 | രവീന്ദ്രൻ.കെ, ചെകിടൻ കുളമ്പ്, നെന്മേനി | തങ്കം റൈസ് മിൽ | 500 | 10 | 100 |
| 7 | ശശീന്ദ്രൻ, കാച്ചാംകുറിശ്ശി | ജാനകി റൈസ് മിൽ | 500 | 10 | 100 |
| 8 | എസ്. രഘുനാഥൻ, പയ്യല്ലൂർ | ശാസ്ത റൈസ് മിൽ | 500 | 10 | 100 |
| 9 | രുഗ്മണി, സൗത്ത് പാവടി | മുത്തു കുമാർ റൈസ് മിൽ | 500 | 10 | 100 |
| 10 | സരോജിനി, മാത്തൂർ, നെന്മേനി | സരോജിനി റൈസ് മിൽ | 500 | 10 | 100 |
| 11 | രാമാനുജൻ, സൗത്ത് പാവടി | നടരാജ റൈസ് മിൽ | 500 | 20 | 100 |
| 12 | ഷനിൽ കുമാർ.ആർ, ചങ്ങനാറകളം, ആനമാറി | എസ്. ഡ്രിങ്ക്സ് | 5000 | 20 | 100 |
| 13 | സുരേന്ദ്രൻ.എ, പയ്യല്ലൂർ | സൂരജ് അഗ്രോ മിൽ | 5000 | 294 | 2940 |
| 14 | മുഹമ്മദ് ഹനീഫ, മേട്ടുപാളയം, കൊല്ലങ്കോട് | ബിസ്മില്ല ലൈത്ത് വർക്സ്, മേട്ടുപാളയം, കൊല്ലങ്കോട് | 500 | 6 | 100 |

ലൈസൻസ് ഫീസിനത്തിൽ ലഭ്യമാകേണ്ട തുക സ്ഥാപന ഉടമയിൽ നിന്നും ഈടാക്കേണ്ടതും തുക അടവാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

<u>1-12-3 വ്യവസായ വകുപ്പിന്റെ KSWIFT പോർട്ടൽ മുഖേന ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ ലൈസൻസ് ഫീ ഗ്രാമപഞ്ചായത്തിന്റ അക്കൗണ്ടിലേക്ക് മാറ്റിയില്ല</u>

വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികളും ഗ്രാമപഞ്ചായത്തിന്റെ ലൈസൻസും സമയബന്ധിതനായി ലഭ്യമാക്കുന്നതിനായി വ്യവസായ വകുപ്പിൽ ആരംഭിച്ചിട്ടുള്ള ഏകജാലക സംവിധാനത്തിന്റെ നടത്തിപ്പിനായുള്ള KSWIFT പോർട്ടൽ വഴി M/S. താസ ബ്ലോക്ക്സ് & ടൈൽസ് പ്രൈവറ്റ് ലിമിറ്റഡ്, വാഴപ്പുഴ, പയ്യലൂർ എന്ന സ്ഥാപനം 9/717 നമ്പർ കെട്ടിടത്തിൽ സിമന്റ് ഉൽപ്പന്ന നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനായി അപേക്ഷിച്ചിരുന്നു. KSWIFT മുഖേന അപ്ലിക്കേഷൻ ഫീയായി 280/- രൂപയും ലൈസൻസ് ഫീയായി 50,000/- രൂപയും അടവാക്കുകയും ചെയ്തിരുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ട ഈ തുക നാളിതുവരെയായും അക്കൗണ്ടിൽ ലഭ്യമായിട്ടില്ല. കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ KSWIFT ലോഗിൻ വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ട് നമ്പറിലേക്കാണ് (153610109773) ലിങ്ക് ചെയ്തിരിക്കുന്നതെന്ന് ഗ്രാമപഞ്ചായത്ത് നടത്തിയ അന്വേഷണത്തിൽ മനസ്സിലാക്കുകയും കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് (67383199421 – എസ്.ബി.ഐ, കൊല്ലങ്കോട്) ഈ തുക ട്രാൻസ്ഫർ ചെയ്തു കിട്ടുന്നതിനായുള്ള മേൽനടപടികൾക്കായി 11.11.2020 ലെ B2/1357/20 നം. കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, KSWIFT എന്നിവരോട് അപേക്ഷിച്ചിരുന്നു. തുക നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് വരവു വന്നിട്ടില്ല. അക്കൗണ്ട് നമ്പർ മാറിപ്പോയ സാങ്കേതിക പ്രശ്നം നാളിതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല. സാങ്കേതിക തകരാറുമൂലം ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട അർഹമായ ലൈസൻസ് ഫീ ലഭിക്കുന്നതിനായുള്ള അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ വിഷയത്തിന്മേൽ മറുപടി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 14/ 13.09.2021 ന് ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

<u>1-13 ഗ്രാമപഞ്ചായത്തിന്റെ കടമുറികളുടെ കയ്യൊഴിക്കൽ നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്</u>

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അധികാര പരിധിയിലുള്ള 46 കടമുറികളുടെ വാടകയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

<u>1-13-1 കടമുറികളുടെ വാടക ഈടാക്കുന്നതിനായി ബൈലോ തയ്യാറാക്കിയിട്ടില്ല</u>

പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള 46 മുറികൾ വാടകക്ക് നൽകിയിട്ടുണ്ടെങ്കിലും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5, 6, 7) പ്രകാരം ബൈലോ തയ്യാറാക്കി നാളിതുവരെ അംഗീകാരം ലഭ്യമാക്കിയതായി കാണുന്നില്ല.
സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ഈ വിഷയത്തിന്മേൽ മറുപടി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 16/13.09.2021 ന് മറുപടി ലഭ്യമായില്ല. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

<u>1-13-2 കടമുറികൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്</u>

ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള 5 കടമുറികൾ ഒഴിഞ്ഞുകിടക്കുന്നതായി രേഖകളുടെ പരിശോധനയിൽ കണ്ടെത്തി. വാടക രജിസ്റ്റർ പ്രകാരം 6/690, 6/692, 6/693, 6/694, 6/695 എന്നീ കടമുറികൾ ഒഴിഞ്ഞു കിടന്നതുമൂലം വാടകയിനത്തിൽ ലഭിക്കേണ്ടിയിരുന്ന വരുമാനം നഷ്ടമാകാൻ

ഇടയായിട്ടുണ്ട്. കടമുറി പുനർലേലം ചെയ്യാതിരുന്നതിന്റെ കാരണം വ്യക്താക്കണമെന്ന ഓഡിറ്റ് അന്വേഷണത്തിന് (16 /13.09.2021) കടമുറികൾ 22.07.21 ന് പുനർലേലം നടത്തിയതായി അറിയിച്ചിട്ടുള്ളത്. കടമുറികൾ ഒഴിഞ്ഞു കിടഞ്ഞു കിടക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 1-13-3 കടമുറികളുടെ വാടക – സംവരണം പാലിക്കേണ്ടതാണ്

2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരമുള്ള സംവരണം ഉറപ്പാക്കിയാണോ കടമുറികൾ കയ്യൊഴിച്ചിട്ടുള്ളതെന്ന് ഉറപ്പാക്കുന്നതിനുള്ള രേഖപ്പെടുത്തലുകൾ വാടക രജിസ്റ്ററിൽ നടത്തിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് (നം. 16/13.09.2021) മറുപടിയായി വരും വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 10%, അംഗപരിമിതർക്ക് 3% എന്നിങ്ങനെ അർഹമായ സംവരണം ഉറപ്പുവരുത്തേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13-4 ഷോപ്പിംഗ് കോംപ്ലക്സ് വാടക ഇനത്തിലെ കുടിശ്ശിക ഈടാക്കേണ്ടതാണ്

| കടമുറി നമ്പർ | വാടകക്കാരന്റെ പേര് | മാസ വാടക | 2020-21 വരെയുള്ള കുടിശ്ശിക |
|---|---|---|---|
| 2/169 | രാധാകൃഷ്ണൻ | 3000 | 10000 |
| 11/493 | സുഭാഷ്, S/O.ഗോപാലൻ, പൂക്കോട് | 12100 | 48000 |
| 11/497 | ദേവദാസ് | 1500 | 4500 |
| 11/498 | ബാലപ്രകാശൻ | 4300 | 25800 |
| 11/503 | ബാലപ്രകാശൻ | 3050 | 30500 |
| 18/376 | മുകുന്ദൻ | 1300 | 7800 |

ഓഡിറ്റ് അന്വേഷണം നം.16/13.09.2021 നുള്ള മറുപടിയിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക കാലഹരണപ്പെടാതെ പിരിച്ചെടുക്കുവാൻ ആവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതും തുക അടവാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 അനധികൃത കെട്ടിട നിർമ്മാണങ്ങളുടെ വിവരങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച 34 കെട്ടിടങ്ങളാണ് ഉള്ളത്. (വാണിജ്യം 1, പാർപ്പിടം 33). 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ച് മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104 ൽ ഓരോ 3 മാസം കൂടുമ്പോഴും ഗ്രാമപഞ്ചായത്തിൽ നടന്നിട്ടുള്ള അനധികൃത നിർമ്മാണങ്ങളുടേയും ആയതിന്മേൽ സ്വീകരിച്ച തുടർനടപടികളുടേയും വിവരം സർക്കാറിനെ അറിയിക്കേണ്ടതാണ്. ഫയൽ പരിശോധിച്ചതിൽ 2019 ജൂൺ 2019 നാണ് അവസാനമായി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് കണ്ടു.

അനധികൃത കെട്ടിട നിർമ്മാണങ്ങളുടെ വിവരം സർക്കാരിലേക്ക് അയയ്ക്കാതിരുന്നതിന്റെ കാരണവും യു.എ നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി സ്വീകരിച്ച

നടപടികൾ അറിയിക്കുവാനും ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം. 4/08.09.2021 ന് ലഭ്യമാക്കിയ മറുപടിയിൽ അനധികൃത കെട്ടിട നിർമ്മാണങ്ങളുടെ വിവരങ്ങൾ സർക്കാറിലേക്ക് അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. യു.എ നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ ന്യൂനതകൾ പരിഹരിച്ച് കെട്ടിട ഉടമ പുതുക്കിയ പ്ലാൻ സമർപ്പിക്കുകയോ, ന്യൂനതകൾ പരിഹരിച്ചതായി രേഖമൂലം പഞ്ചായത്തിന് അറിയിപ്പ് നൽകുകയോ ചെയ്തിട്ടില്ല എന്നും നാളിതുവരെ കണ്ടെത്തിയ അനധികൃത നിർമ്മാണങ്ങൾക്കെതിരെ നോട്ടീസ് നൽകിയിട്ടുണ്ടെന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

അനധികൃത നിർമ്മാണങ്ങൾക്കെതിര കെ.പി.ബി.ആർ, 2019 ലെ ചട്ടം 89, 90, 91 എന്നിവ അനുശാസിക്കുന്ന തുടർനടപടികൾ സ്വീകരിക്കേണ്ടതും സർക്കാരിലേക്ക് കൃത്യമായി റിപ്പോർട്ട് നൽകേണ്ടതുമാണ്.

## 1-15 നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം അനുശാസിക്കുന്ന പരിധിയിൽ കവിഞ്ഞ വിസ്തൃതിയുള്ള ഭൂമിയിലെ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നുവദിച്ച

2020-21 സാമ്പത്തിക വർഷത്തെ പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ നിയമം അനുശാസിക്കുന്നതിനു വിരുദ്ധമായി കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുള്ളതായി കണ്ടെത്തി. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അപേക്ഷകന്റെ പേര്- ശ്രീ.പി.എൻ. സ്കന്ദരാജൻ, S/O. നാരായണൻ, അശ്വതി, ശ്രീമൂർത്തി നഗർ, കൊല്ലങ്കോട്

പെർമിറ്റ് നം. 9/20-21(B4-481/20) തീയതി 05.06.20

2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 27എ(6) പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ കാര്യത്തിൽ പരമാവധി 4.04 ആർ വിസ്തൃതിയുള്ള ഭൂമിയിൽ 120 ച.മീ വിസ്തൃതിയുള്ള ഭവന നിർമ്മാണത്തിയി മറ്റ് അനുമതികളൊന്നും കൂടാതെ സെക്രട്ടറിക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുവാൻ സാധിക്കുന്നതാണ്. അതിൽ കൂടുതൽ വിസ്തൃതിയുണ്ടെങ്കിൽ റവന്യൂ ഡിവിഷണൽ ഓഫീസറുടെ (ആർ.ഡി.ഒ) യുടെ പരിവർത്തനാനുമതി ആവശ്യമാണ്. കൊല്ലങ്കോട് വില്ലേജ് ഓഫീസറുടെ 4/12/2019 തീയതിയിലെ പൊസഷൻ സർട്ടിഫിക്കറ്റ് നമ്പർ 44586325 പ്രകാരം കൊല്ലങ്കോട് വില്ലേജ് നമ്പർ (2) ബ്ലോക്ക് നമ്പർ 14 റീസർവ്വേ നമ്പർ 34/11 നിലത്തിൽ ഉൾപ്പെട്ട ഈ ഭൂമിയുടെ വിസ്തൃതി 0.0405 ഹെക്ടർ ആണ്. ആധാരം നമ്പർ 1160/1/2019 പ്രകാരവും TP നമ്പർ 1055 ലുള്ള പ്രസ്തുത സ്ഥലത്തിന്റെ വിസ്തീർണ്ണം 0.0405 ഹെക്ടർ ആണ്. പ്രസ്തുത സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ല.

സെക്രട്ടറിയുടെ 09.01.2020 തീയതിയിലെ ബി4-8273/2019 നമ്പർ നടപടിക്രമം പ്രകാരം പ്രസ്തുത സ്ഥലം 2.02 ആർ കവിയുന്നില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥത്തിൽ ഭൂമിയുടെ വിസ്തീർണ്ണം 4.04 ആറിൽ കൂടുതലാണ്. ആയതിനാൽ സെക്രട്ടറിക്ക് ഈ ഭൂമിയിലെ നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കാവുന്നതല്ല. ഭൂവുടമ ആർ.ഡി.ഒ യ്ക്ക് അപേക്ഷ നൽകി പരിവർത്തനാനുമതി ലഭ്യമാക്കാതെ ഭൂമിയിലെ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിന്റെ സാഹചര്യം വിശദീകരിക്കേണ്ടതാണ് എന്ന 07.09.2021 തീയതിയിലെ ഓഡിറ്റ് അന്വേഷണം നം. 3 ന് ലഭ്യമാക്കിയ മറുപടിയിൽ ആയത് അറിയാതെ സംഭവിച്ചു പോയതാണെന്നും തുടർന്നു വരുന്ന ഫയലുകളിൽ മേൽ അപാകത വരാതെ ശ്രദ്ധിച്ചു കൊള്ളാമെന്നും അറിയിച്ചിട്ടുണ്ട്.

ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിലുള്ള കോവിഡ് പ്രവർത്തനങ്ങളുടെ അവലോകനം

ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പിലാക്കിയിട്ടുള്ള കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.

എ. തനതു ഫണ്ടിൽ നിന്നുള്ള ചെലവ്

പ്രതിരോധ സാമഗ്രികൾ വാങ്ങൽ, വാഹനവാടക, ശുചീകരണ പ്രവൃത്തികൾ, പ്രചാരണം (നോട്ടീസ്, ബാനർ, അനൗൺസ്മെന്റ്), സി.എഫ്.എൽ.ടി.സി സെന്റർ വർക്ക്, ക്വാറന്റീൻ ഭക്ഷണം, പ്രതിരോധ

കുത്തിവെപ്പ് തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ആകെ 7,47,426/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവുണ്ട്. ആയതിൽ 4,20,627/- രൂപ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും മുൻകൂർ ലഭ്യമായിട്ടുണ്ട്.

ബി. സി.എഫ്.എൽ.ടി.സി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ ആരംഭിക്കുന്നതിനായി തനതു ഫണ്ടിൽ നിന്നും 3 ലക്ഷം രൂപ വകയിരുത്തി പ്രോജക്റ്റ് ആവിഷ്കരിച്ചുവെങ്കിലും തൻവർഷം പദ്ധതി നടപ്പായില്ല. പ്രൊ.നം.252/21. ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.9/10-9-21) നള്ള മറുപടിയിൽ ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും കുടുംബാരോഗ്യ കേന്ദ്രത്തിൽ നിന്നും നടത്തിയ പരിശോധനയിൽ അംഗീകാരം ലഭിക്കാത്തിനാലാണ് സി.എഫ്.എൽ.ടി.സി ആരംഭിക്കാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. മറ്റു രീതിയിൽ തുക ചെലവഴിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.

സി. പ്രത്യേക അക്കൗണ്ട്

കോവിഡ് പ്രവർത്തനങ്ങൾക്കായി പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്.

അക്കൗണ്ട് നം. 7990129000000743

ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ചട്ടപ്രകാരമുള്ള ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസനിധിയുടെ ഭാഗമായി പ്രത്യേക അക്കൗണ്ട് ആരംഭിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള തുക സ്വീകരിക്കാവുന്നതാണ്.

ഡി. ജനകീയ ഹോട്ടൽ

കോവിഡിന്റെ പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്തിൽ ജനകീയ ഹോട്ടൽ ആരംഭിച്ച് പ്രവർത്തനം തുടർന്നു വരുന്നുണ്ട്.

പ്രൊ.നം.141/21-ജനകീയ ഭക്ഷണശാല എന്ന പേരിൽ ഒരു പ്രോജക്റ്റ് രൂപീകരിച്ച് 40,000/- രൂപ വകയിരുത്തിയതിൽ 5,000/- രൂപയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. ഭക്ഷണശാലയിലേക്കാവശ്യമായ സാമഗ്രികൾ വാങ്ങി നൽകുന്നതിനാണ് തുക അനുച്ചിട്ടുള്ളത്.

ഇ. മറ്റു പദ്ധതികൾ

കോവിഡിന്റെ പശ്ചാത്തലത്തിൽ രൂപീകരിച്ച സുഭിക്ഷകേരളം പദ്ധതി ഭാഗികമായി മാത്രമാണ് ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ളത്. കാർഷിക മേഖലയിൽ തരിശുകൃഷിക്ക് പ്രോൽസാഹനം നല്കുന്നതിനായി 3,91,803/- രൂപ ചെലവഴിച്ചിട്ടുണ്ട്. മൃഗസംരക്ഷണ മേഖലയിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. ഫിഷറീസ് മേഖലയിൽ 31.20 ലക്ഷം രൂപ വകയിരുത്തിയെങ്കിലും തുകയൊന്നും ചെലവഴിച്ചിട്ടില്ല.

കോവിഡിന്റെ പശ്ചാത്തലത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ആവിഷ്കരിക്കുന്ന പദ്ധതികൾക്കായി അനുവദിക്കുന്ന തുകകൾ സമയബന്ധിതമായി ചെലവഴിക്കുവാനും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാനും മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-17 ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണ സംവിധാനങ്ങളുടെ കാര്യക്ഷമത വിലയിരുത്തൽ

കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ളവിതരണ സംവിധാനങ്ങൾ വിലയിരുത്തുന്നതിനും ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജലജീവൻ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനുമാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.

ഗ്രാമപഞ്ചായത്തിൽ നിലവിൽ വിവിധ ഗുണഭോക്തൃസമിതികൾക്ക് കൈമാറി നൽകിയ 61 ഗ്രാമീണ കുടിവെള്ള പദ്ധതികൾ നിലവിലുണ്ട്. പൊതുടാപ്പുകൾ വഴിയുള്ള കുടിവെള്ള വിതരണത്തിനായി 424 ടാപ്പുകൾ നിലവിലുണ്ട്. ജൽജീവൻ പദ്ധതിയുടെ ആദ്യഘട്ടത്തിൽ 1121 ഗാർഹിക കണക്ഷനുകൾ പൂർത്തിയാക്കുന്നതിനും ലക്ഷ്യമിടുന്നു. വിശദവിരങ്ങൾ താഴെ ചേർക്കുന്നു.

1. പൊതുടാപ്പുകളുടെ വെള്ളക്കരം

ജലഅതോറിറ്റിയുമായി ചേർന്ന് 7/2019 ൽ ഗ്രാമപഞ്ചായത്ത് നടത്തിയ സംയുക്ത പരിശോധനയിൽ നിലവിൽ പ്രവർത്തനക്ഷമമായ 424 പൊതുകുടിവെള്ള ടാപ്പുകൾ ഉണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. ഓഗസ്റ്റ് 2019 മുതൽ ജല അതോറിറ്റി 424 ടാപ്പുകളുടെ വെള്ളക്കരം ഡിമാന്റ് ചെയ്യുകയും 85,500/- രൂപ പ്രതിമാസം ഗ്രാമപഞ്ചായത്ത് അടവാക്കുകയും ചെയ്യുന്നുണ്ട്.

ഭരണസമിതിയുടെ 24.08.2019 ലെ 6(1) തീരുമാനം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള എല്ലാ പൊതുകുടിവെള്ള ടാപ്പുകളും വിച്ഛേദിക്കുന്നതിന് തീരുമാനം എടുത്തിട്ടുള്ളതായും ആയതിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയുടെ നെന്മാറ ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് സി.4 2812/2019 തീയതി 31.08.2019 ലെ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ജല അതോറിറ്റി പരിപാലിക്കുന്ന പ്രവർത്തനക്ഷമമായതും അല്ലാത്തതുമായ ആകെ 426 പൊതുടാപ്പുകളും വിഛേദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുമുണ്ട്. ഇതനുസരിച്ച് 4,12,000/- രൂപയുടെ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടുണ്ട്. കുടിവെള്ള ലഭ്യതയ്ക്ക് മറ്റ് സ്രോതസ്സുകൾ ഇല്ലാത്തതിനാൽ ജലജീവൻ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം ഘട്ടം ഘട്ടമായി പൊതുടാപ്പുകൾ നിർത്തലാക്കുന്നതിനാണ് ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നത്. ഈ വിഷയത്തിന്മേലുള്ള തുടർ നടപടികൾ ഊർജ്ജിതമാക്കി പൊതുടാപ്പുകൾ നിർത്തലാക്കേണ്ടതാണ്.

2. ജലജീവൻ മിഷൻ

രാജ്യത്തെ ഗ്രാമീണ മേഖലയിൽ 2024 വർഷത്തോടെ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ. ആവശ്യമായ അളവ് കുടിവെള്ളം ദീർഘകാലത്തേക്ക് താങ്ങാവുന്ന ചെലവിൽ ലഭ്യമാക്കുക എന്നതും ജലജീവൻ മിഷന്റെ ലക്ഷ്യമാണ്.

ഗ്രാമപഞ്ചായത്തിൽ പദ്ധതിക്കായുള്ള ആകെ എസ്റ്റിമേറ്റ് തുക 13 കോടി രൂപയാണ്. ആകെ ഗ്രാമപഞ്ചായത്ത് വിഹിതം (15%) 1.95 കോടി രൂപയും ഗുണഭോക്തൃവിഹിതം (10%) 1.3 കോടി രൂപയുമാണ്.

2020-21 വർഷത്തിൽ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച ജലജീവൻ പദ്ധതി പ്രകാരം 1121 വീടുകൾക്ക് കണക്ഷൻ എടുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഫണ്ട് വിവരം താഴെ പറയുന്നു.

പ്രോജക്ട് നം. 248/21

അടങ്കൽ -1092975 ( 1072500-സി.എഫ്.സി (Basic Grant) , 20475- ജനറൽ ഫണ്ട് )

ചെലവ് - 20475- (ബിൽ നം 48/10.03.2021)

564225-(ബിൽ നം 49/04.03.21)

508275 (ബിൽ നം 53/25.03.21)

മിഷന്റെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത് കേരള വാട്ടർ അതോറിറ്റിയെ ആണ്. തൻവർഷത്തെ ആകെ അടങ്കൽ തുകയായ 7286500/- രൂപയിൽ ഗ്രാമപഞ്ചായത്ത് വിഹിതമായ 15% തുക 1092975/- രൂപ കേരളവാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതം വാട്ടർ അതോറിറ്റിക്ക് ഗുണഭോക്താവ് നേരിട്ട് നൽകുകയാണ് ചെയ്യുന്നത്. ഓഡിറ്റ് കാലയളവിൽ 600 ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷൻ ലഭ്യമായിട്ടുണ്ട്. ശേഷിക്കുന്ന 512 ഗുണഭോക്താക്കൾക്കും സമയബന്ധിതമായി ഗാർഹിക കണക്ഷൻ ലഭ്യമാക്കുന്നതിന് ശ്രമം ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ജലജീവൻ പദ്ധതിയുടെ മോണിറ്ററിംഗ് ഗ്രാമപഞ്ചായത്ത് തലത്തിൽ ഉറപ്പാക്കി എത്രയും വേഗം പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്തിനെ വിവിധ മേഖലകളാക്കി തിരിച്ച് ഓരോ മേഖലയിലും എല്ലാവർക്കും കുടിവെള്ള കണക്ഷൻ ലഭ്യമാകുന്നതിനനുസരിച്ച് ആ മേഖലകളിലെ പൊതുടാപ്പുകൾ നിർത്തലാക്കുക എന്ന

രീതിയിൽ പൊതു കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ഉണ്ടാകുന്ന അധിക ചെലവ് കുറയ്ക്കേണ്ടതാണ്.

3. മഴവെള്ള സംഭരണം, ജലസുരക്ഷ, ഭൂജല പരിപോഷണം ഇവക്കായി വൈവിധ്യങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

4. കെട്ടിട നിർമ്മാണാനുമതി നൽകുമ്പോൾ ബാധകമായ എല്ലാ കെട്ടിടങ്ങൾക്കും ജലസംരക്ഷണ സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-18 ഗ്രാമപഞ്ചായത്തിന്റെ തെരുവുവിളക്കു പരിപാലനം

ഗ്രാമപഞ്ചായത്തിന്റെ തെരുവു വിളക്കു പരിപാലനവും വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിലെ കൃത്യതയും പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, പ്രതിമാസ ബില്ലുകൾ എന്നിവ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. മീറ്ററിന് കീഴിലുള്ള ലാമ്പുകളുടെ വിവരം

പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകൾക്കുള്ള ഓരോ മീറ്ററിംഗ് പോയിന്റിനും, ഓരോ കൺസ്യൂമർ നമ്പർ അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ അധീനതയിലുള്ള തെരുവ് വിളക്കുകളുടെ വിശദവിവരം അടങ്ങിയ തെരുവ് വിളക്ക് രജിസ്റ്റർ പ്രകാരം 36 കൺസ്യൂമർ പോയിന്റുകളിലായി ആകെ 1805 ലാമ്പുകളുണ്ട്. പ്രതിമാസ വൈദ്യുതി ചാർജ്ജായി ശരാശരി 1,00,000/- രൂപ പഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്.

ബി. മീറ്ററിംഗ് സംവിധാനത്തിനു കീഴിലല്ലാത്ത ലാമ്പുകളുടെ വിവരം

മീറ്ററിംഗ് സംവിധാനമില്ലാത്ത തെരുവ് വിളക്കുകളുടെ എണ്ണവും, തരവും അനുസരിച്ച് താരിഫ് റേറ്റിന്റെ അടിസ്ഥാനത്തിൽ KSEBയിലേക്ക് പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കി വരുന്നുണ്ട്. വിശദ വിവരം:

കൊല്ലങ്കോട് – കൺസ്യൂമർ നം. 1165109008050

താരിഫ് റിവിഷൻ 8.7.2019 പ്രകാരം പ്രതിമാസം 58,585/- രൂപ മീറ്ററിനു കീഴിലല്ലാത്ത തെരുവു വിളക്കുകൾക്ക് ഒടുക്കുന്നുണ്ട്. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പ്രകാരമുള്ള ബൾബുകളുടെ എണ്ണം താഴെ പറയുന്നു.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1 | 18 W | 12 |
| 2 | 20W | 171 |
| 3 | 40W | 64 |
| 4 | 50W | 1 |
| 5 | 65W | 185 |
| 6 | 80W | 200 |
| 7 | 250W | 7 |

2) മുതലമട സെക്ഷൻ

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | LED 20 W | 180 | 17 | 3060 |

പ്രതിദിനം 12 മണിക്കൂർ പ്രവർത്തിക്കുന്ന എന്ന രീതിയിലാണ് താരിഫ് നിശ്ചയിച്ചിട്ടുള്ളത്.

2020-21 വർഷം തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി ഗിരീഷ്, ഇലക്ട്രിക്കൽ കോൺട്രാക്ടർക്ക് കരാർ നൽകിയാണ് നടപ്പിലാക്കിയിട്ടുള്ളത്. എൽ ഇ ഡി ബൾബുകളുടെ റിപ്പയർ & മെയിന്റനൻസ് ആണ് നടത്തിയിട്ടുള്ളത്. സി എഫ് എൽ പ്രവൃത്തികളുടെ റിപ്പയർ/മെയിന്റനൻസിനായി മുൻവർഷങ്ങളിലും തുകയൊന്നും ചെലവഴിട്ടില്ല.

മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ലാത്ത വിളക്കുകളുടെ യഥാർത്ഥത്തിലുള്ള എണ്ണം, തരം എന്നിവ കണക്കാക്കുന്നതിന് കെ എസ് ഇ ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന്

29.06.2021 ലെ 13(1) നം തീരുമാനം പ്രകാരം കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തുന്നതിന് തീരുമാനം എടുക്കുകയും നം ബി-2-1153/21 തീയതി 02.09.21 കത്ത് പ്രകാരം കെ.എസ്.ഇ.ബി യെ അറിയിച്ചിട്ടുമുണ്ട്.

തെരുവ് വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കി തുടർ വൈദ്യുതി ചാർജ്ജ് കുറവ് ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
എ.എം.സി നൽകുമ്പോൾ വാറണ്ടി നിലവിലുള്ളവയെ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം 20/13.09.21)

1-19 ഗ്രാമപഞ്ചായത്തിന്റെ മാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമാക്കണം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളാണ്. നിയമത്തിലെ 219എ മുതൽ 219എക്സ് വരെയുള്ള വകുപ്പുകളിൽ വിവിധ തരം മാലിന്യങ്ങൾ കൈകാര്യം ചെയ്യേണ്ട വിധവും സെക്രട്ടറിയുടെ അധികാരവും വിവരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ മാലിന്യ സംസ്കരണ സംവിധാനം വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

എ. ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിന്റെ സുസ്ഥിര മാലിന്യ സംസ്കരണത്തിനായി ഒരു ഖരമാലിന്യ പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നുണ്ട്. മാലിന്യ ശേഖരണം നടത്തുന്നതിന് ദിവസ വേതനാടിസ്ഥാനത്തിൽ 6 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. തെരുവുകളിൽ നിന്നും ജൈവമാലിന്യങ്ങൾ ശേഖരിച്ച് കംപോസ്റ്റ് ആക്കി മാറ്റുന്ന പ്രവർത്തനം നടന്നു വരുന്നതായി അറിയിച്ചിട്ടുണ്ട്.

ബി. ഉറവിടമാലിന്യങ്ങളുടെ സംസ്കരണം ഉറപ്പാക്കൽ

ചിക്കൻ സ്റ്റാളുകൾ, അറവു ശാലകൾ എന്നിവിടങ്ങളിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഫലപ്രദമാണെന്നും ഉറപ്പാക്കേണ്ടതുണ്ട്. മാലിന്യ സംസ്കരണം ഏർപ്പെടുത്തേണ്ട സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നുള്ള സ.ഉ(സാധാ)നം.2511/2017/ തസ്വഭവ തിയതി 29-11-2017-ലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. കാര്യക്ഷമമായ പരിശോധനാ സംവിധാനം ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടില്ല.

സി. ഭരണസമിതിയുടേയും ഉദ്യോഗസ്ഥന്മാരുടേയും ചുമതലകൾ

കോവിഡിന്റെ പശ്ചാത്തലത്തിൽ സർക്കുലർ നം. ഡി.സി.1/222/2020/തസ്വഭവ തിയതി 10-06-2020 പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പ്രകാരം മാലിന്യ സംസ്കരണത്തിനായി വ്യക്തമായ പ്ലാൻ തയ്യാറാക്കൽ, പൊതുജനങ്ങൾക്കിടയിൽ ബോധവത്ക്കരണം, യൂസർഫി പിരിവ് മുതലായവ ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്. മാലിന്യ പ്രശ്നങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽക്കൊണ്ടുവന്ന് പരിഹാരം കാണേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.

ജി.ഒ(ആർടി)നം.880/2021/തസ്വഭവ തിയതി 16-04-2021 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ, സെക്രട്ടറി, അസി.സെക്രട്ടറി, വി.ഇ.ഒ, എഞ്ചിനിയറിംഗ് വിഭാഗം എന്നിവരുടെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. ജി.ഒ(ആർടി)നം.2307/2020/തസ്വഭവ തിയതി 14-12-2020, ജി.ഒ(ആർടി)നം.949/2021/തസ്വഭവ തിയതി 5-5-2021 എന്നിവ പ്രകാരം മാലിന്യ സംസ്കരണ പ്രോജക്റ്റുകളുടേയും മാലിന്യ സംസ്കരണ സംവിധാനങ്ങളുടേയും ചുമതല വി.ഇ.ഒ മാരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്.

ഡി. ഉറവിട മാലിന്യ സംസ്കരണത്തിനുള്ള ഉപാധികളുടെ പ്രോൽസാഹനം

സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 14-02-2018 ലെ ഖ. 6.8 പ്രകാരം അനുവദനീയമായ ഗാർഹിക കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ എന്നിവയ്ക്ക്

സബ്സിഡി അനുവദിക്കുന്നതിനുള്ള പ്രോജക്റ്റുകളൊന്നും കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ആവിഷ്കരിച്ചതായി കാണുന്നില്ല.

വീടുകളിലെ ജൈവമാലിന്യ സംസ്കരണ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണുവാൻ ഇത്തരത്തിലുള്ള സംരംഭങ്ങൾക്ക് സാധിക്കും എന്നതു കണക്കിലെടുത്ത് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കുന്നതിന് നടപടികൾ എടുത്തിട്ടില്ല.

ഇ. ബദൽ ഉത്പന്നങ്ങളുടെ പ്രോൽസാഹനം

ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന് സർക്കാർ നിരോധനം ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ തുണി, കടലാസ് എന്നിവ ഉപയോഗിച്ചുള്ള സഞ്ചികൾ, ക്യാരി ബാഗുകൾ മുതലായവ പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. അത്തരത്തിലുള്ള പ്രോജക്റ്റുകളൊന്നും ഏറ്റെടുത്തതായി കാണുന്നില്ല.

എഫ്. വിവിധ ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തൽ

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഫലപ്രദവും ശാസ്ത്രീയവുമായി നിർവ്വഹിക്കുന്നതിനായി ഹരിതകേരളം മിഷൻ, ക്ലീൻ കേരള കമ്പനി, ഹരിതസഹായ സ്ഥാപനം എന്നിവയുടെ സേവനം പരമാവധി പ്രയോജനപ്പെടുത്താവുന്നതാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി സ്ഥിരം സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
- പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്ലാന്റിൽ എത്തുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.
- പ്ലാന്റിൽ നിർമ്മിക്കുന്ന ജൈവ വളം ഫലപ്രദമായി കയ്യൊഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- വിവിധ നിയമങ്ങളും ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പ്രകാരം ഭരണസമിതിയിലും ഉദ്യോഗസ്ഥരിലും നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- ഉറവിട മാലിന്യ സംസ്കരണത്തിനായി ഗാർഹികതല സബ്സിഡി അനുവദിക്കുന്നതിനുള്ള പ്രോജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്.
- ബദൽ ഉൽപ്പന്നങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

  തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖയ്ക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും ശുപാർശകളും താഴെ ചേർക്കുന്നു.

എ. പ്ലാസ്റ്റിക് - ഖരമാലിന്യ നിയമാവലി വിജ്ഞാപനം ചെയ്യൽ

ജി.ഒ(ആർ.ടി)നം.18/2021/തസ്വഭവ തിയതി 04-01-2021 പ്രകാരം തദ്ദേശ സ്ഥാപന തലത്തിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി അംഗീകരിച്ച് അന്തിമമാക്കിയിട്ടില്ല.

ഭരണ സമിതിയുടെ 10.10.2019 തീയതിയിലെ 4(4) തീരുമാനം പ്രകാരം വീടുകളിൽ നിന്ന് 60 രൂപയും ചെറുകിട വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയും ഇടത്തരം, വൻകിട സ്ഥാപനങ്ങളിൽ നിന്നും

150 രൂപയും പ്രതിമാസ യൂസർ ഫീ ആയി ഈടാക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ വീടുകളിൽ നിന്നും 30 രൂപയാണ് നിലവിൽ ഈടാക്കി വരുന്നത്. ബൈലോ അംഗീകരിച്ച് ആയതിൽ നിർദ്ദേശിക്കുന്ന ഫീസ് ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കിയിട്ടില്ല.

ബി. ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ രൂപീകരണം

11-5-2020 ന മാത്രമാണ് ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. 18 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേനയിൽ ആദ്യ ഘട്ടത്തിൽ 6 പേരാണുണ്ടായിരുന്നത്. നിലവിൽ 31 അംഗങ്ങളാണുള്ളത്. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. ജൈവമാലിന്യം കൃഷിക്കുവേണ്ടി പ്രയോജനപ്പെടുത്തുന്നതിന വേണ്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുക, പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുവേണ്ട സേവനങ്ങൾ നൽകുക മുതലായ ചുമതലകളും മാർഗ്ഗരേഖ പ്രകാരം നിക്ഷിപ്തമാക്കിയ മറ്റു ചുമതലകളും ഹരിത കർമ്മസേന നിർവ്വഹിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ എം.സി.എഫിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ സൂക്ഷിക്കുന്നുണ്ട്. ഒരു തവണ മാത്രമാണ് ക്ലീൻ കേരള കമ്പനിക്ക് മാലിന്യങ്ങൾ കൈമാറിയിട്ടുള്ളത്. നിലവിൽ സ്വകാര്യ വ്യക്തികൾക്ക് വിൽക്കുന്നതായും അറിയിച്ചിട്ടുണ്ട്.

സി. യൂസർഫീ ഈടാക്കൽ

ഗ്രാമപഞ്ചായത്തിൽ 7419 വീടുകളും 1780 വ്യാപാര സ്ഥാപനങ്ങളും ഉണ്ടെന്ന് ഹരിതകർമ്മസേന കണക്കാക്കിയിട്ടുണ്ട്. യൂസർ ഫീ ഇനത്തിൽ 2020-21 വർഷത്തിൽ 1,58,951/- രൂപ മാത്രമാണ് വരവായി ലഭിച്ചിട്ടുള്ളത്. പ്രതിമാസം ശരാശരി 10,000/- രൂപയിൽ താഴെ മാത്രമാണ് വരവ് . ആയത് ഹരിതകർമ്മസേനയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ അപര്യാപ്തമാണ്.

യൂസർ ഫീ ഒടുക്കുന്നതിൽ പല വീട്ടുകാരും കച്ചവട സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നുണ്ടെന്ന് ഹരിത കർമ്മസേനാംഗങ്ങൾ അറിയിച്ചിട്ടുണ്ട്. മൂന്ന തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും തുടർനടപടികൾ ഉണ്ടായിട്ടില്ല.

ഡി. ഹരിത കർമ്മസേനകൾക്കുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട് (വി.ജി.എഫ്)

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച ഹരിതകർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് എന്ന പ്രോജക്റ്റ് പ്രകാരം (നം. 54/21) തൻവർഷം 5,00,000/- രൂപ ഹരിതകർമ്മസേനയ്ക്ക് നൽകിയിട്ടുണ്ട് (വികസനഫണ്ട് – ജനറൽ).

ഇ. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്)

സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ) ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു എം.സി.എഫ് കെട്ടിടം നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിലും റാക്ക് സെറ്റ് ചെയ്ത് കെട്ടിടം പ്രവർത്തന സജ്ജമാക്കിയിട്ടില്ല. സർക്കാർ ഉത്തരവനുസരിച്ചുള്ള സുരക്ഷാ സംവിധാനങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്.

അസി. എഞ്ചിനിയർ മുഖേന നിർവ്വഹണം നടത്തിയ എം.സി.എഫ് കെട്ടിട നിർമ്മാണത്തിന്റേയും അനുബന്ധ പ്രവൃത്തികളുടേയും വിവരം താഴെ ചേർക്കുന്നു.

1. 131/20-മാലിന്യ സംസ്കരണത്തിനുള്ള കെട്ടിട നിർമ്മാണം: വികസന ഫണ്ടിൽ നിന്നും കെട്ടിട നിർമ്മാണത്തിനായി 23.15 ലക്ഷം രൂപ എം.സി.എഫ് കെട്ടിടത്തിനായി ചെലവഴിച്ചിട്ടുണ്ട്.
2. 209/21-എം.സി.എഫ് കെട്ടിടം പൂർത്തീകരണം: കേന്ദ്ര വിഹിതത്തിൽ നിന്നും 8 ലക്ഷം രൂപ ട്രസ്സ് വർക്കിനായും ചെലവഴിച്ചിട്ടുണ്ട്.

ഒരു മിനി എം.സി.എഫ് യൂണിറ്റ് പൂർത്തിയായിട്ടുണ്ട്. 4 എണ്ണത്തിന്റെ പ്രവൃത്തികൾ തുടരുന്നു.

ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം അജൈവ പാഴ്‌വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ മിനി എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) തദ്ദേശ സ്ഥാപനതലത്തിലും (1000 ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) നിർമ്മിക്കുകയോ വാടകയ്ക്ക് ഏർപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന എം.സി.എഫുകൾ നാളിതുവരെ സ്ഥാപിച്ചിട്ടില്ല.

എഫ്. ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കൽ

എം.സി.എഫിലേക്കുള്ള ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കുന്നതിനായി 5,50,000/- രൂപ കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും (250/21, സെക്രട്ടറി) തൻവർഷം ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കപ്പെട്ടിട്ടില്ല.

ജി. റിസോഴ്സ് റിക്കവറി ഫെസിലിറ്റി(ആർ.ആർ.എഫ്)

ഗ്രാമപഞ്ചായത്തിൽ ആർ.ആർ.എഫ് നിലവിലില്ല.

എച്ച്. ഹരിത സഹായ സ്ഥാപനങ്ങൾ

15-07-2017 ലെ സ.ഉ(സാധാ)നം.2420/2018/തസ്വഭവ തിയതി ഉത്തരവു പ്രകാരം ഹരിത കേരളം മിഷൻ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാവുന്നതാണ്. അത്തരത്തിൽ ഹരിതസഹായ സ്ഥാപനത്തിന്റെ സേവനം പ്രയോജനപ്പെടുത്തുന്നില്ല.

ഐ. ക്ലീൻ കേരള കമ്പനി

സ.ഉ(സാധാ)നം.1641/2017/തസ്വഭവ തിയതി 19-5-2017 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്രോജക്ടുകളും ഇ-മാലിന്യ സംഭരണ സംസ്കരണ പദ്ധതികളും തയ്യാറാക്കി ടെണ്ടർ നടപടി ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ജെ. ഹരിതകർമ്മസേനയുടെ അക്കൗണ്ട് നീക്കിയിരിപ്പ്

20-7-2021 വരെ ഹരിത കർമ്മസേനാ സംരംഭങ്ങൾക്കോ, കൺസോർഷ്യത്തിനോ അക്കൗണ്ട് ആരംഭിച്ചിരുന്നില്ല. മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി അതത് ദിവസങ്ങളിലെ യൂസർഫീ ഗ്രാമപഞ്ചായത്തിൽ നേരിട്ട് അടവാക്കുന്ന രീയിയായിരുന്നു തുടർന്നു വന്നിരുന്നത്. 2020-21 വർഷത്തിൽ 155165 രൂപയാണ് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുള്ളത്. ഹരിതകർമ്മസേനയുടെ അക്കൗണ്ട് 16.09.2020 ന് ആരംഭിച്ചെങ്കിലും ഇടപാടുകൾ തുടങ്ങിയിരിക്കുന്നത് 20.07.2021 ൽ മാത്രമാണ്. ആയത് ഹരിതകർമ്മസേനയു ടെ പ്രവർത്തന മാർഗ്ഗരേഖയുടെ ലംഘനമായി വിലിയിരുത്തുന്നു. നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് പണമിടപാടുകൾ നടത്തുന്നത് 04.09.2021 ലെ അക്കൗണ്ട് നീക്കിയിരിപ്പ് 10,244/- രൂപയാണ്.

എച്ച്. വി.ഇ.ഒ മാരുടെ ചുമതലകൾ

ജി.ഒ(ആർടി)നം.949/2021/തസ്വഭവ തിയതി 5-5-2021 പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വി.ഇ.ഒ മാരുടെ ഉത്തരവാദിത്തങ്ങൾ വിവരിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധതികൾ തയ്യാറാക്കുന്നതിനും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളിൽ ഇടപെടൽ നടത്തുന്നതിനും എം.സി.എഫിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും വി.ഇ.ഒ മാർക്ക് ചുമതല നൽകിയിട്ടുണ്ട്. ആയതനുസരിച്ച് വി.ഇ.ഒ മാർ ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്. പാഴ്‌വസ്തുക്കളുടെ ശേഖരണത്തിനും എം.സി.എഫി.ൽ സൂക്ഷിക്കുന്നതിനും മുൻഗണന നൽകുകയും

അത്തരം പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത വിധത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള മറ്റ് സേവനങ്ങൾക്ക് ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

- ഹരിതകർമ്മസേനയുടെ പ്രവർത്തനം വിപുലീകരിച്ച് കൂടുതൽ വീടുകളിലേയും കച്ചവട സ്ഥാപനങ്ങളിലേയും അജൈവ മാലിന്യങ്ങൾ എം.എസി.എഫിൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പ്രകാരമുള്ള യൂസർ ഫീസ് ഉറപ്പാക്കേണ്ടതാണ്. .യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കുന്നതിനായി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.
- യൂസർ ഫീ, ഹരിതകർമ്മസേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് എന്നിവ ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ വരവു വെച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്.
- ഹരിത കർമ്മസേനയ്ക്ക് അനുവദിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ട് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിനേക്കാൾ അധികരിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- എം.സി.എഫിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നിർമ്മാണങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.
- ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ കൈക്കൊള്ളുന്ന തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>1-21 ഹരിത കർമ്മസേനകൾക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടിനത്തിൽ അധിക തുക അനുവദിച്ചു</u>

പ്രോജക്ട്-54/21-വി.ജി.എഫ് ഫോർ ഹരിത കർമ്മസേന

അടങ്കൽ- 500000(ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

ചെലവ്-469800 (8 ബില്ലുകൾ പ്രകാരം)

2020-21 വർഷത്തിൽ യൂസർ ഫീ ഇനത്തിൽ ലഭ്യമായ തുക 155165 രൂപ മാത്രമാണ്. യൂസർ ഫീയിനത്തിലെ കുറവു പരിഹരിക്കുന്നതിനായി പ്രോജക്റ്റ് രൂപീകരിച്ച് 500000 രൂപ വകയിരുത്തി പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ടായി 469800 രൂപ ഹരിത കർമ്മസേനയ്ക്ക് അനുവദിച്ചിട്ടുണ്ട്.ഹരിത കർമ്മസേനയുടെ പ്രവർത്തനം സുഗമമായി മുന്നോട്ടു കൊണ്ടു പോകുന്നതിനായി ആദ്യ വർഷത്തിൽ ഹരിത കേരളം മിഷന് തീരുമാനിക്കാവുന്ന പരമാവധി തുക വാർഡ് ഒന്നിന് 23175 രൂപയായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ പരമാവധി അനുവദനീയമായി തുക താഴെ പറയും പ്രകാരം നിജപ്പെടുത്തേണ്ടതായിരുന്നു.

18 വാർഡുകൾക്ക് നൽകാവുന്ന പരമാവധി വി.ജി.എഫ് – 18x23175 = 417150 രൂപ

അനുവദിച്ചത് – 469800 രൂപ

അധികം അനുവദിച്ചത് – 52650 രൂപ.

സഞ്ചയ നിധിയിൽ നിന്നും അധികം പിൻവലിച്ച 52650 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല (കൂടുതൽ വിശദാംശങ്ങൾ ഖ. 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്).

<u>1-22 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ തുകകളുടെ വിനിയോഗ വിവരം ലഭ്യമായില്ല</u>

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച പ്രോജക്ട് പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തിയുടെ പൂർത്തീകരണ വിവരം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

1. പ്രോജക്ട് നം. 269/21 – തേക്കിൻ ചിറ കുടിവെള്ള പദ്ധതി വൈദ്യുതി കണക്ഷൻ എടുക്കൽ

അടങ്കൽ -24311 ( CFC-Untied)

ചെലവ് - 23239 (ബിൽ നം 26/30.09.2020)

പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിംഗിന്റെ മേൽനോട്ടത്തിലും സാങ്കേതിക അനുമതിയോടും കൂടി തേക്കിൻചിറ കുടിവെള്ള പദ്ധതി വൈദ്യുതി കണക്ഷൻ നടപ്പിലാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. പ്രവൃത്തി പൂർത്തിയാക്കിയതിന്റെ രേഖകൾ ലഭ്യമല്ല. തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കുവാനുള്ള ഓഡിറ്റ് അന്വേഷണം നം. 6/10.09.21 നുള്ള മറുപടിയിൽ കെ.എസ്.ഇ.ബിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭ്യമായതിന്റെയും തുകയുടെ വിനിയോഗ വിവരവും രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>1-23 കുടിവെള്ള പദ്ധതികളുടെ പഴയ മോട്ടോറുകൾ ലേലം ചെയ്ത് കയ്യൊഴിക്കേണ്ടതാണ്</u>

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കുടിവെള്ള പദ്ധതികളിലെ പഴയ മോട്ടോറുകൾ ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ടെങ്കിലും അവ ഫലപ്രദമായ കയ്യൊഴിച്ചതിന്റെ രേഖകൾ ലഭ്യമായില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. 72/20-രണ്ടിലപ്പ കുടിവെള്ള പദ്ധതി മെയ്ന്റനൻസ്
അടങ്കൽ - 150000 (CFC)
കരാറുകാരൻ -ശ്രീ.കെ.പൊന്നൻ
എഗ്രിമെന്റ് നം. 7/19-11-2019
അളവു പുസ്തകം - 158/19-20
ചെലവ് - 135810/- (ബിൽ നം. 8/15-5-2020)

കുടിവെള്ള പദ്ധതിയുടെ നിലവിലെ മോട്ടോർ പ്രവർത്തനരഹിതമായതിനാൽ പുതിയതായി ഒരു മോട്ടോർ സ്ഥാപിക്കുന്നതിനായി ലക്ഷ്യമിട്ട് ആവിഷ്കരിച്ച പദ്ധതി പ്രകാരം പഴയ മോട്ടോർ മാറ്റുകയും 90675 രൂപ ചെലവഴിച്ച് 5 HP യുടെ പുതിയ മോട്ടോർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പഴയ മോട്ടോർ എന്തു ചെയ്തുവെന്ന് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും 13-1-2020 ന് മോട്ടോർ കൈപ്പറ്റിയതായി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

<u>2.</u> 128/21-തച്ചങ്കാട് കുടിവെള്ള പദ്ധതി മോട്ടോർ, പൈപ്പ്ലൈൻ
അടങ്കൽ - 210000 (General)
കരാറുകാരൻ -ശ്രീ.കെ.വി.മോഹൻദാസ്
എഗ്രിമെന്റ് നം. 44/4-2-2021
അളവു പുസ്തകം - 312/19-20
ചെലവ് -201071/- (ബിൽ നം. 122/30-3-2021)

കുടിവെള്ള പദ്ധതിയുടെ നിലവിലെ മോട്ടോറും ബോർഡും പ്രവർത്തനരഹിതമായതിനാൽ പുതിയതായി ഒരു മോട്ടോർ സ്ഥാപിക്കുന്നതിനായി ലക്ഷ്യമിട്ട് ആവിഷ്കരിച്ച പദ്ധതി പ്രകാരം പഴയ മോട്ടോർ മാറ്റുകയും 135982 രൂപ ചെലവഴിച്ച് 7.5 HP യുടെ പുതിയ മോട്ടോർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. അളവു പുസ്തകം പ്രകാരം പഴയ മോട്ടോർ ഉയർത്തുന്നതിനായി 3500 രൂപയും ചെലവഴിച്ചിട്ടുണ്ട്. പഴയ മോട്ടോർ 22-3-2021 ന് സെക്രട്ടറിക്കു കൈമാറിയതായി അസി.എഞ്ചിനിയർ അളവു പുസ്തകത്തിലെ പേജ് നം. 1 ൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.
പഴയ മോട്ടോറുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമായിട്ടില്ല.

മോട്ടോറുകൾ പുനരുപയോഗിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുകയോ അല്ലാത്തപക്ഷം മോട്ടോറുകൾ കയ്യൊഴിച്ച് തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. ഓഡിറ്റ് അന്വേഷണം നം. 12, 15/13-9-2021 ന് മറുപടിയിൽ വിഷയം സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്ന് അസി. സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

മോട്ടോറുകൾ കയ്യൊഴിച്ചതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## <u>1-24 എസ്.എസ്.കെ പദ്ധതി - രേഖകൾ ലഭ്യമാക്കേണ്ടതാണ്</u>

പ്രോജക്ട് നം. 1/21-എസ്.എസ്.കെ

അടങ്കൽ-800000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവ് -800000 (32/17.11.2020)

നിർവ്വഹണം - സെക്രട്ടറി

എസ്.എസ്.കെ ലഭ്യമാക്കിയ ചെലവു പത്രികയിൽ ബി.ആർ.സി, സി.ആർ.സി വിഹിതത്തിന് പുറമെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പാഠപുസ്തക വിതരണം, യൂണിഫോം വിതരണം, വിവിധ പരിശീലന പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾക്കായും തുക ചെലവഴിച്ചതായി കാണുന്നു. എ/646/20 തീയതി 26.07.21 സാക്ഷ്യപത്രം പ്രകാരം എസ്.എസ്.കെ യിൽ നിന്നും മുഴുവൻ തുകയും ചെലവഴിച്ചതായി കാണിക്കുന്ന റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

ആരോഗ്യം വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്തിൽ എസ്.എസ്. കെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്തിട്ടില്ല. പരിശീലനപരിപാടികളിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ എണ്ണം, ഹാജർ വിവരം, Online ആണോ, അല്ലയോ തുടങ്ങിയ വിവരങ്ങളൊന്നും തന്നെ ലഭ്യമല്ല. ഈ വിവരം ഓഡിറ്റ് അന്വേഷണം നം.8/09.09.21 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. എസ്.എസ്.കെ നടത്തിയ പ്രവർത്തികൾ ആരോഗ്യ വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗിന് വിധേയമാക്കുന്നതാണെന്നും പരിശീലന പരിപാടികൾ, ഹാജർ വിവരം എന്നിവ ആവശ്യപ്പെട്ട് സ്കൂൾ അധികാരികൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ വിദ്യാലയങ്ങൾ തുറന്ന് പ്രവർത്തിക്കാത്ത സാഹചര്യത്തിലും വിവിധ പ്രവർത്തനങ്ങൾക്കായി എസ്.എസ്.കെ ക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി ഇത്രയും തുക നൽകിയിട്ടുള്ളത് വ്യക്തമായ വിലയിരുത്തൽ നടത്താതെയാണെന്ന് അനുമാനിക്കുന്നു.

വിനിയോഗ സാക്ഷ്യപത്രം പ്രകാരം എസ്.എസ്.കെ ഗ്രാമപഞ്ചായത്ത് പരിധിയിൽ ചെലവഴിച്ചിട്ടുള്ള തുകയുടെ രേഖകൾ സ്കൂൾ അധികാരികളിൽ നിന്നും സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് നൽകേണ്ടതാണ്.

## 1-25 ലൈഫ് ഭവന നിർമ്മാണ പദ്ധതി പുരോഗതി വിലയിരുത്തൽ

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ലൈഫ് പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പദ്ധതിയുടെ രണ്ടാം ഘട്ടപ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നത്.

ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും ഭവന നിർമ്മാണത്തിന് 4,00,000/- രൂപ ധനസഹായം നൽകുന്നതിനാണ് ലക്ഷ്യം. തൻവർഷം ജനറൽ, എസ്.സി, ടി.എസ്.പി വിഭാഗങ്ങളിലായി സ്പിൽ ഓവർ അടക്കം 5 പ്രോജക്ടുകളാണ് ആവിഷ്കരിച്ചിട്ടുള്ളത്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | ആകെ അടങ്കൽ | ആകെ ചെലവ് |
|---|---|---|---|
| 1 | 52/21, ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ) | 19937677 | 4800000 |
| 2 | 167/21, ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ) | 15646200 | 4620000 |
| 3 | 164/21, ലൈഫ് മിഷൻ ഭവന പദ്ധതി (എസ്.സി.പി ) | 2989000 | 1040000 |
| 4 | 51/21-ലൈഫ് മിഷൻ ഭവന പദ്ധതി (ടി.എസ്. പി) | 1600000 | - |
| 5 | 299/21, ലൈഫ് ഭവനപദ്ധതി എസ്.സി (അഡീഷണൽ ലിസ്റ്റ്) | 32820000 | 0 |

സ്പിൽ ഓവർ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് ലഭ്യമായതും ചെലവഴിച്ചതുമായ ഫണ്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|

| | | | |
|---|---|---|---|
| പ്ലാൻ വിഹിതം | ജനറൽ | 3820841 | 2280000 |
| | എസ്.സി.പി | 2989000 | 1040000 |
| | ടി.എസ്.പി | 1227000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജനറൽ | തൻവർഷം തുക ലഭ്യമായിട്ടില്ല. | |
| | എസ്.സി.പി | | |
| ജില്ലാ പഞ്ചായത്ത് വിഹിതം | ജനറൽ | | |
| | എസ്.സി.പി | | |
| ഹഡ്കോ ലോൺ | ജനറൽ | | |
| | എസ്.സി.പി | | |
| സർക്കാർ വിഹിതം | ജനറൽ | 7960000 | 7660000 |
| | എസ്.സി.പി | | |

2019-20 വർഷം എസ്.സി ലൈഫ് ഭവന പദ്ധതിക്കായി ലഭ്യമായ ബ്ലോക്ക് ഷെയർ 888014 രൂപ ചെലവഴിക്കാതെ ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. ജില്ലാപഞ്ചായത്തിൽ നിന്നും 2018-19 ൽ ലഭിച്ച ആകെ 812833 രൂപ ചെലവഴിച്ചിട്ടില്ല. 2019-20 വർഷം ലൈഫ് (ജനറൽ) പദ്ധതിക്കായി ലഭ്യമായ 1390579 രൂപയിൽ 500000 രൂപ ചെലവുണ്ട്. 890579 രൂപ ചെലവഴിക്കാതെ ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. തുക ചെലവഴിക്കുകയോ തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

ലൈഫ് ഭവനം- ജനറൽ
ഭവന നിർമ്മാണം പൂർത്തീകരിക്കുവാനുള്ള ഗുണഭോക്താക്കളുടെ വിവരം

| ഗുണഭോക്താവിന്റെ പേര് | എഗ്രിമെന്റ് തീയതി | അനുവദിച്ച തുക | റിമാർക്ക്സ് |
|---|---|---|---|
| ദേവു എന്ന ദേവി, ചീരണി | 11.7.18 | 300000 | എഗ്രിമെന്റ് വെച്ച തീയതി മുതൽ 6 മാസം കൊണ്ട് ഭവന നിർമ്മാണം പൂർത്തികരി ക്കേണ്ടതാണ്. ഈ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പുരോഗതി വിലയിരുത്തി ശേഷിക്കുന്ന ഗഡു കൂടി നൽകേണ്ടതാണ്. |
| ഭാഗ്യവതി, പിള്ളക്കോട്, കൊല്ലങ്കോട് | 01.08.18 | 40000 | |
| പ്രിയ, W/O മണികണ്ഠൻ കോട്ടപ്പാടം | 18.09.18 | 300000 | |
| സരിത W/O മോഹൻ, മുണ്ടിയൻ പറമ്പ് (നെല്ലിയാംപതി) | 12.12.18 | 300000 | |
| ലീലാവതി, ധനലക്ഷമി നിവാസ്, സി.ടി. പാളയം | 20.12.19 | 260000 | |
| മുഹമ്മീദ, വെള്ളനാറ, പൊരിച്ചോളം | 6.02.20 | 360000 | |
| ഗിരിജ, തച്ചംപാക്ക്, മാത്തൂർ | 06.05.20 | 320000 | |
| സുമതി, W/O ബാലചന്ദൻ, കാച്ചാംകുറിശ്ശി | 10.06.20 | 300000 | |
| ബേബി, W/O ശ്രീനിവാസൻ, പുളിക്കോട്ടുതറ | 12.02.20 | 260000 | |
| സിന്ധു W/O ഭരതൻ, വെള്ളാന്തറ | 19.09.18 | 40000 | ഒരു ഗഡു മാത്രം കൈപ്പറ്റി. പണി പൂർത്തീകരിക്കാത്തപക്ഷം അനുവദിച്ച ധനസഹായം പലിശ സഹിതം തിരിച്ച |

| | | | |
|---|---|---|---|
| | | | പിടിക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. |

ലൈഫ് ഭവനം- എസ്.സി.പി
ഭവന നിർമ്മാണം പൂർത്തീകരിക്കുവാനുള്ള ഗുണഭോക്താക്കളുടെ വിവരം

| | | | |
|---|---|---|---|
| ബിന്ദു W/O.ഉണ്ണികൃഷ്ണൻ, അരവന്നൂർ പറമ്പ് | 27.09.18 | 300000 | പുരോഗതി വിലയിരുത്തി ശേഷിക്കുന്ന ഗഡു കൂടി നൽകേണ്ടതാണ് |
| രമാദേവി, W/O രവീന്ദ്രൻ, അച്ചാംചിറ | 27.05.20 | 200000 | |
| പാറു, വിലങ്ങംപാടം, പയ്യലൂർ | 17.06.20 | 300000 | |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണപുരോഗതി വിലയിരുത്തി വരുന്നതായും ആയതനുസരിച്ച് തുക അനുവദിക്കുന്നതായും നടപ്പുവർഷം തന്നെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്നും വി. ഇ.ഒ അറിയിച്ചു.

<u>ലൈഫ് മൂന്നാം ഘട്ടം പദ്ധതി ആരംഭിച്ചിട്ടില്ല</u>

ലൈഫ് മിഷന്റെ നിർവ്വഹണ ലക്ഷ്യത്തിലുള്ള പ്രധാന ഗുണഭോക്തൃവിഭാഗമായ ഭൂരഹിത ഭവനരഹിത കുടുംബങ്ങളുടെ പുനരധിവാസത്തിനായി ലൈഫ് മൂന്നാം ഘട്ടം പദ്ധതി നാളിതു വരെ ആരംഭിച്ചിട്ടില്ല. നടപ്പു വർഷത്തിൽ പ്രോജക്ട് വെക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണെന്ന് വി.ഇ.ഒ അറിയിച്ചു.

മോണിറ്ററിംഗ് നടപടികൾ

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുതമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്. രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളുടെ പുരോഗതി കൃത്യമായ വിലയിരുത്തൽ നടത്തിയതിന് രേഖകളില്ല.

ഓഡിറ്റ് നിർദ്ദേശം

1. ലൈഫ് മൂന്നാംഘട്ടം-സ്ഥലലഭ്യത ഉറപ്പാക്കി ജനപങ്കാളിത്തത്തോടെയുള്ള ഭവനസമുച്ചയ നിർമ്മാണ പദ്ധതി ആരംഭിക്കുന്നതിനുള്ള ഊർജ്ജിത ശ്രമം ഉണ്ടാകേണ്ടതാണ്.

2. പദ്ധതികളുടെ പുരോഗതി കൃത്യമായി വിലയിരുത്തേണ്ടതാണ്.

3. ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

പാവപ്പെട്ട എല്ലാ ഭൂരഹിത ഭവന രഹിതർക്കും സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക, സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാവുന്നതിനും സാമ്പത്തിക സഹായം ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭിക്കുന്നതിനും ഉതകുന്ന വിധത്തിലുള്ള ശാക്തീകരണ പ്രക്രിയ കൂടി ഉൾച്ചേർത്ത് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.

<u>1-26 ഹോമിയോ ആശുപത്രിക്കാവശ്യമായ മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്</u>

2020-21 വർഷത്തിൽ ഹോമിയോ ആശുപത്രിയിലേക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള പ്രോജക്റ്റ് പ്രകാരം വകയിരുത്തിയ 300000/- രൂപ പിൻവലിച്ച് ഹോംകോ, ആലപ്പുഴയ്ക്ക് ട്രാൻസ്ഫർ ചെയ്തുവെങ്കിലും മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊ.നം.61/21-ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ

അടങ്കൽ - 300000 (എം.ജി-നോൺ റോഡ്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ഹോമിയോ)

ബിൽ നം. 1/05-03-2021 പ്രകാരം 300000/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് Kerala State Homoeopathic Co-Operative Pharmacy Ltd, Alappuzha യുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. അക്കൗണ്ട് നം. 34306403911

രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

40 ഇനം മരുന്നുകളും അനുബന്ധ സാമഗ്രികൾക്കുമായി തുക കൈമാറിയെങ്കിലും നാളിതുവരെ ആയവ സ്ഥാപനത്തിനു ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ നിലവിൽ ആശുപത്രിയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടു പോകുന്നതിനാവശ്യമായ മരുന്നുകൾ മതിയായ അളവിൽ ഉണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 2/7-9-2021 ന് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2019-20 വർഷത്തെ 3 ലക്ഷം രൂപയുടെ മരുന്നുകൾ 26-9-2020, 23-2-2021 തിയതികളിലാണ് ലഭ്യമായത്. ആയതിനാൽ മരുന്നുകൾക്ക് ക്ഷാമം ഇല്ല. 2020-21 വർഷത്തെ മരുന്നുകൾ ലഭ്യമാക്കുവാൻ ഇ-മെയിൽ സന്ദേശം അയച്ചിട്ടുണ്ടെന്നും ഹോംകോയിലെ അസംസ്കൃത വസ്തുക്കളുടെ അഭാവമാണ് മരുന്നുകൾ ലഭ്യമാകുന്നതിലെ കാലതാമസം എന്നും അറിയിച്ചിട്ടുണ്ട്. പ്രതിദിനം ആശുപത്രിയിൽ എത്തുന്ന രോഗികളുടെ ശരാശരി എണ്ണം 20 ആണെന്നും കോവിഡിന്റെ പശ്ചാത്തലത്തിൽ രോഗികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

<u>1-27 കോവിഡിന്റെ പശ്ചാത്തലത്തിൽ ആവിഷ്കരിച്ച സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി ഫിഷറീസ് മേഖലയിൽ ഏറ്റെടുത്ത പദ്ധതികൾ നടപ്പിലാക്കിയില്ല</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

കോവിഡിന്റെ പശ്ചാത്തലത്തിൽ കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിൽ കഴിയുന്നത്ര എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച സുഭിക്ഷകേരളം പദ്ധതിയുടെ മാർഗ്ഗരേഖ സ.ഉ(കൈ)നം.14/2020/ ആ.സാ.വ തിയതി 18-05-2020 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഭക്ഷ്യോത്പാദന വർദ്ധനവിനൊപ്പം തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സ.ഉ(കൈ)നം.45/2020/ തസ്വഭവ തിയതി 6-3-2020 പ്രകാരം പ്രഖ്യാപിച്ച പന്ത്രണ്ടിന പരിപാടിയിലെ ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം, ഒരു കോടി ഫലവൃക്ഷ തൈകൾ നട്ടു വളർത്തൽ എന്നിവ സുഭിക്ഷ കേരളം പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. സ.ഉ(സാധാ)നം. 1009/2020/തസ്വഭവ തിയതി 29-05-2020 പ്രകാരം സുഭിക്ഷ കേരളം പദ്ധതി പ്രകാരം കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് മേഖലയിൽ അനുവദനീയമായ പ്രവർത്തനങ്ങളും അനുവദിക്കാവുന്ന സബ്സിഡിയും ഉൾപ്പെടുത്തി സബ്സിഡി മാർഗ്ഗരേഖ പുതുക്കുകയും ചെയ്തിട്ടുണ്ട്.

സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്ക്കരിച്ച് രണ്ട് പ്രോജക്റ്റുകൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

<u>1. 245/21-വീട്ടു വളപ്പിൽ കുളത്തിൽ മത്സ്യകൃഷി</u>

അടങ്കൽ - 2706000 (വികസന ഫണ്ട് - 389600 + സംസ്ഥാനാവിഷ്കൃതം - 360800 + ജില്ലാ പഞ്ചായത്ത് - 332000 + മറ്റുള്ളവ – 1623600 )

2. 247/21-ബയോഫ്ളോക് മത്സ്യകൃഷി

അടങ്കൽ - 414000 (വികസന ഫണ്ട് - 110400 + സംസ്ഥാനാവിഷ്കൃതം - 55200 മറ്റുള്ളവ – 248400 )

കോവിഡിന്റെ പശ്ചാത്തലത്തിൽ ആവിഷ്കരിക്കുന്ന ഇത്തരം പദ്ധതികൾക്ക് പ്രാധാന്യം നൽകി സമയബന്ധിതമായി നടപ്പാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ട താണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 13/13-9-2021 ന് മറുപടി ലഭ്യമായില്ല.

കോവിഡിന്റെ സാഹചര്യത്തിൽ പ്രത്യേകമായി ആവിഷ്കരിച്ചിട്ടുള്ള സുഭിക്ഷ കേരളം പദ്ധതി പ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-28 അഗതിരഹിതകേരളം പദ്ധതിക്കായി നൽകിയ തുക സമയബന്ധിതമായി ചെലവഴിക്കേണ്ടതാണ്

പ്രോജക്ട് -55/21 – ആശ്രയ പദ്ധതി
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. സെക്രട്ടറി

അടങ്കൽ - 400000/- (വികസനഫണ്ട് – ജനറൽ)

ചെലവ് -400000/- (ബിൽ നം 55/21-29.03.21)

അഗതി കുടുംബങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ നൽകി അവരുടെ ജിവിത നിലവാരം ഉയർത്തുന്നതിനും മെച്ചപ്പെട്ട ആരോഗ്യം നൽകുന്നതിനുമാണ് പ്രോജക്ട് ലക്ഷ്യമിട്ടത്.

ഗ്രാമപഞ്ചായത്തിന് ഗുണഭോക്താക്കളുടെ അതീജീവനാവശ്യങ്ങൾ, അടിസ്ഥാന സൗകര്യ വികസനം, വികസനാവശ്യങ്ങൾ, മാനസികാവശ്യങ്ങൾ തുടങ്ങി പദ്ധതിയുടെ എല്ലാ ഘടകങ്ങൾക്കും വികസന ഫണ്ട് ഉപയോഗിക്കാവുന്നതാണ്. പദ്ധതിയുടെ ഭാഗമായി തൻവർഷം ഭവന നിർമ്മാണത്തിനായി തൻവർഷം 400000/- രൂപ വികസന ഫണ്ടിൽ നിന്നും കുടുംബശ്രീ CDS ന്റെ അക്കൗണ്ടിൽ കൈമാറിയിട്ടുണ്ട്. എന്നാൽ 2019-20 വർഷത്തെ 3 ലക്ഷം രൂപ ഉൾപ്പെടെ അഗതിരഹിത കേരളം പദ്ധതിക്കായി നൽകിയ ആകെ 700000 രൂപ വിനിയോഗിച്ചിട്ടില്ല എന്ന ഓഡിറ്റിൽ കണ്ടെത്തി.

പദ്ധതി മാർഗ്ഗരേഖ പ്രകാരം അഗതിരഹിത കേരളം പ്രോജക്ടിനായുള്ള തുക ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ വകയിരുത്തലുകളിൽ ഉൾപ്പെടുന്നു. അഗതി കുടുംബങ്ങൾക്കായി ഭക്ഷണം, ആരോഗ്യസുരക്ഷ, ഭിന്നശേഷി സഹായം, പാർപ്പിടം, കുടിവെള്ളം, വിദ്യാഭ്യാസം തൊഴിൽ ഉൾപ്പെടെയുള്ള സഹായങ്ങൾ പദ്ധതി പ്രകാരം നൽകാവുന്നതാണ്. നടപ്പു വർഷത്തിൽ ഗുണഭോക്താക്കളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി തുക വിനിയോഗിച്ചു വരുന്നുണ്ടെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം. 5/09.09.2021)

ഓഡിറ്റ് നിർദ്ദേശം

സമൂഹത്തിലെ ഏറ്റവും പരിഗണന അർഹിക്കുന്ന വിഭാഗക്കാരാണ് അഗതി കുടുംബങ്ങൾ. പദ്ധതി നടത്തിപ്പിനായി തുക കൈമാറിയതല്ലാതെ ഈ വിഷയത്തിൽ നിർവ്വഹണോദ്യോഗസ്ഥനോ സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പോ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ യാതൊരു മോണിറ്ററിംഗും നടത്തിയിട്ടില്ല. ഭക്ഷണം, ആരോഗ്യസുരക്ഷ, ഭവനം, കുടിവെള്ളം, വസ്ത്രം, വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ മേഖലകളിലെല്ലാം സഹായത്തിനർഹരായ അഗതികൾക്കായി നൽകുന്ന തുക സമയബന്ധിതമായി ചെലവഴിക്കാത്തത് ഉചിതമല്ല. അഗതിരഹിതകേരളം പദ്ധതിയുടെ പുരോഗതി റിപ്പോർട്ട് തയ്യാറാക്കി രണ്ടുമാസത്തിലൊരിക്കൽ ഭരണസമിതിക്ക് നൽകേണ്ടതും ആയത് ഭരണസമിതി ചർച്ച ചെയ്ത് യഥാസമയം തീരുമാനങ്ങൾ എടുക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി മെയ്റ്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നത് ഒഴിവാക്കേണ്ടതാണ്

സ.ഉ(എം.എസ്)നം.330/2004/തസ്വഭവ തിയതി 9-12-2014 പ്രകാരം പുറപ്പെടുവിച്ച മെയ്റ്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് മാർഗ്ഗരേഖയിൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന്

റോഡിതര മെയ്ന്റനൻസ് ഗ്രാന്റ് ചെലവഴിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. സർക്കുലർ നം.75326/എഫ്.എം.1/തസ്വഭവ തിയതി 30-1-2008 പ്രകാരം തനത് ആസ്തിയായ ഓഫീസ് കെട്ടിടങ്ങൾക്ക് മെയ്ന്റനൻസ് ഗ്രാന്റ് ചെലവഴിക്കുന്നത് ശരിയായ നടപടിക്രമമല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. താഴെ പറയുന്ന പ്രവൃത്തികൾക്കായി തൻവർഷം മെയ്ന്റനൻസ് ഗ്രാന്റ് (റോഡിതരം) ചെലവഴിച്ചിട്ടുണ്ട്.

1. 160/21-പഞ്ചായത്ത് ഓഫീസ് മെയ്ന്റനൻസ്

അടങ്കൽ - 506255 (തനതു ഫണ്ട് - 266255 + റോഡിതര മെയ്ന്റനൻസ് ഗ്രാന്റ് - 240000)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

പഞ്ചായത്ത് ഓഫീസിൽ ടൈൽസ് ഇടുന്നതിനും പെയ്ന്റിംഗ് പ്രവൃത്തികൾക്കുമായി ആവിഷ്കരിച്ച പ്രോജക്റ്റിനായി 240000 രൂപ മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

കരാറുകാരൻ - ശ്രീ.ആർ.മുരുകേശൻ

എഗ്രിമെന്റ് - 43/9-12-2019

അളവു പുസ്തകം - 137/19-20, 305/19-20

മേൽ പ്രവൃത്തിക്കായി ബിൽ നം. 6/17-4-2020 പ്രകാരം 240000 രൂപ മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 12(5) നുള്ള മറുപടിയിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനായാണ് പ്രവൃത്തികൾ ഏറ്റെടുത്തതെന്നും മെയ്ന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

2. പ്രൊ.നം. 86/2020-ബ്ലോക്ക് ഓഫീസ് വായനശാല നവീകരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

അടങ്കൽ - 200000 (MG-NR)

കരാറുകാരൻ - ശ്രീ.ശിവൻ.ടി

എഗ്രിമെന്റ് നം. 64/16-12-2019

അളവു പുസ്തകം ~~56/19~~20, 42/20-21

ചെലവ്- 199661 (ബിൽ നം. 48/30-9-20)

മെയ്ന്റനൻസ് ഫണ്ട് വകയിരുത്തി ആവിഷ്കരിച്ച പ്രോജക്റ്റ് പ്രകാരം ബ്ലോക്ക് ഓഫീസ് വായനശാലയുടെ നവീകരണം നടത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം. 12(5) ന് വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല.

തനത് ആസ്തികൾക്കായും കൈമാറിക്കിട്ടാത്ത സ്ഥാപനങ്ങൾക്കായും മെയ്ന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

<u>1-30 വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകുന്നതിനുള്ള ടെണ്ടറിൽ സമയക്രമം പാലിച്ചില്ല</u>

1. പ്രോജ്ക്ട് – 110/20- വൃദ്ധർക്ക് കട്ടിൽ (വനിത)
നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ തുക 500000/-
ചെലവ് – 225570/- രൂപ (ബിൽ നം. 1/20-21 തീയതി 29/04/2020)

1. 2020-21 സാമ്പത്തിക വർഷത്തിൽ വികസന ഫണ്ട്(എസ്.സി.പി) വകയിരുത്തി നടപ്പാക്കിയ മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള ഇ-ടെൻഡറിന്റെ സമയക്രമം താഴെ കൊടുക്കുന്നു.

ഇ-ടെൻഡർ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച തീയതി - 18/11/2019

ഇ-ടെൻഡർ രേഖകൾ സ്വീകരിക്കുന്ന അവസാന തീയതി - 26/11/2019

ഇ-ടെൻഡർ സ്വീകരിക്കാനുള്ള സമയം 7 പ്രവൃത്തി ദിവസം മാത്രമാണ് നൽകിയിട്ടുള്ളത്. പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ സ.ഉ(പി)നം.259/2010/LSGD തിയതി 8-11-2010 പ്രകാരം ടെണ്ടർ ഫോറത്തിന്റെ വിൽപ്പന, പരസ്യത്തിയതി മുതൽ 21 ദിവസം വരെ ആകേണ്ടതാണ്. തിടുക്കത്തിലുള്ള ടെണ്ടറുകൾ ഇല്ലാത്ത വിധത്തിൽ പദ്ധതി തയ്യാറാക്കേണ്ടതും തിരക്കുപിടിച്ച വാങ്ങലുകൾ ഒഴിവാക്കേണ്ടതുമാണെന്ന് സ്റ്റോർസ് പർച്ചേസ് മാന്വൽ, 2013 വ്യക്തമാക്കിയിട്ടുണ്ട്. ടെണ്ടറിന് മതിയായ സമയം നൽകാതിരുന്നാൽ കൂടുതൽ ടെണ്ടറുകൾ ലഭ്യമാകാതിരിക്കുവാനും മത്സരം കുറയുവാനും സാമ്പത്തിക നേട്ടം ഇല്ലാതിരിക്കുന്നതിനും ഇടയാക്കുന്നതാണ്. മേൽ ടെണ്ടറിൽ നാല് ടെണ്ടറുകൾ ലഭ്യമാവുകയും കെ.എസ്.ഐ.ഇ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 5/9-9-2021 ന് മറുപടിയായി ഇത്തരം അപാകതകൾ വരുത്താതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തിടുക്കത്തിലുള്ള ടെൻഡറുകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 154 മരാമത്ത് പ്രവൃത്തികൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയയിൽ 110 പ്രവൃത്തികൾക്കുള്ള തുകയാണ് ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ 5.13 കോടി രൂപയിൽ 3 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. വകയിരുത്തിയ തുകയുടെ 58% ആണ് മരാമത്ത് പ്രവൃത്തികൾക്കായുള്ള ചെലവ്.

45 പ്രോജക്ടുകൾ സ്പിൽ ഓവറായി അടുത്ത വർഷത്തെ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്. പല കരാറുകാരും സമയപരിധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാതിരിക്കുന്നത് ഫണ്ട് വിനിയോഗത്തെ ബാധിക്കുന്നുണ്ട്. PWD മാന്വൽ പ്രകാരം പരമാവധി 50% വരെയുള്ള കാലയളവാണ് പൂർത്തീകരണത്തിനായി ദീർഘിപ്പിച്ചു നൽകാവുന്നത്. കോവിഡ് പ്രതിസന്ധിക്കു മുമ്പ് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തികൾ പോലും തൻവർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രവൃത്തികളുടെ എണ്ണക്കൂടുതലും കോവിഡ് പ്രതിസന്ധിയും തൻവർഷത്തെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

സർക്കുലർ നം.ഡി.എ.1/26/2019/തസ്വഭവ തിയതി 25-01-2019 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്കും പാർട്ട് ബിൽ എഴുതുന്ന രീതി കൃത്യമായി അവലംബിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും നിർദ്ദേശം കാര്യക്ഷമമായി നടപ്പാക്കപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തുന്നു.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. സാമ്പത്തിക വർഷാവസാനം കൂടുതൽ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.
2. പ്രവൃത്തികളുടെ ഓരോ ഘട്ടവും തീരുന്ന മുറയ്ക്ക് പാർട്ട് ബില്ലുകൾ അനുവദിച്ച് പരമാവധി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. PWD മാന്വൽ അനുസരിച്ചുള്ള സമയക്രമം പാലിച്ചുകൊണ്ട് കരാറുകാർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
4. വികസന സ്റ്റാന്റിംഗ് കമ്മിറ്റി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ഇടപെടൽ നടത്തേണ്ടതാണ്.

5. മരാമത്ത് പ്രവൃത്തികളുടെ നടപടിക്രമങ്ങൾ സമയബന്ധിതമായി ആരംഭിക്കുന്നുണ്ടെന്നും എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്നും ഉറപ്പാക്കുന്നതിനായി മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
6. കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം വൈകുന്നത് പരിശോധിച്ച് പരിഹാരം കാണേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം. 18(1)/14-9-2021 നുള്ള മറുപടിയിൽ ജീവനക്കാരുടെ കുറവും ജോലിഭാരവും ചൂണ്ടി കാണിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ അധികൃതരുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-32 മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിൽ കൃത്യത പാലിക്കണം

അസി. എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| റോഡ് കോൺക്രീറ്റിംഗ് | 10 |
| റോഡ് ഫോർമേഷൻ | 2 |
| റോഡ് ടാറിംഗ് | 43 |
| റോഡ് നവീകരണം, അരികു സംരക്ഷണം | 23 |
| കെട്ടിട നിർമ്മാണം | 5 |
| കെട്ടിട നവീകരണം, ചുറ്റുമതിൽ | 3 |
| കുടിവെള്ളം, പൈപ്പ്ലൈൻ | 24 |
| ആകെ | 110 |

തൻവർഷം പൂർത്തീകരിച്ച പ്രവൃത്തികളിൽ 71% റോഡ് പ്രവൃത്തികളും 22% കുടിവെള്ള പദ്ധതികളുമാണ്.

മേൽ പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. സചിത്ര സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്തതിനാൽ ആസ്തി രജിസ്റ്റർ കാലികമാക്കുവാനും പദ്ധതി രൂപീകരണത്തിൽ പ്രയോജനപ്പെടുത്തുവാനും സാധിച്ചിട്ടില്ല. 2019-20 വരെയുള്ള ഡാറ്റ കാലികമാക്കിയിട്ടുണ്ട്.
2. റോഡ് പ്രവൃത്തികൾ ഏറ്റെടുത്തത് റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും കാലികമാക്കാതെയാണ്.
3. എസ്റ്റിമേറ്റുകളിൽ മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ളേ ബോർഡിനുള്ള തുക വകയിരുത്തി അവ സ്ഥാപിക്കുന്നില്ല.
4. പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ PWD മാന്വൽ അനുസരിച്ചുള്ള പിഴ ഈടാക്കുന്നുണ്ടെങ്കിലും കരാർ കാലാവധി തീരുന്നതിനുമുമ്പുള്ള കരാറുകാരുടെ അപേക്ഷയും എഞ്ചിനിയറുടെ ശുപാർശയും ഇല്ലാതെയാണ് കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നത്.
5. കരാർ കാലാവധി ദീർഘിപ്പിക്കുമ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പു വച്ച് പുതുക്കിയ മാനദണ്ഡങ്ങൾ വ്യവസ്ഥ ചെയ്യുന്നില്ല.

മരാമത്ത് പ്രവൃത്തികളുടെ രേഖകൾ കാലികമാക്കി സൂക്ഷിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 18(2)/14-9-2021 നുള്ള മറുപടിയിൽ ജീവനക്കാരുടെ കുറവും ജോലിഭാരവും രേഖകളുടെ സൂക്ഷിപ്പ് കൃത്യമല്ലാതിരിക്കുവാനുള്ള കാരണങ്ങളായി ചൂണ്ടി കാണിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ അധികൃതരുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-33 ആസ്തി സംരക്ഷണം-മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകൾ

പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. തൻവർഷം ആസ്തി സംരക്ഷണം ഫലപ്രദമായിരുന്നോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. മാർഗ്ഗരേഖ പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യകത വിലിയരുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുന്ന രേഖകളും സൂക്ഷിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച സചിത്ര സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ നം. തസ്വഭവ-ഐ.ബി-1/141/2017/തസ്വഭവ തിയതി 23-08-2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ആയത് പാലിക്കുന്നതിൽ സാങ്കേതിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ആസ്തി രജിസ്റ്ററിൽ 2019-20 വരെയുള്ള ഡാറ്റ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നില്ല.

3. റോഡ് മെയ്ന്റനൻസ് ഫണ്ടിനത്തിൽ 1.93 കോടി രൂപ വകയിരുത്തി 62 പ്രോജക്റ്റുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 49 പ്രോജക്റ്റുകൾക്കായി 1.24 കോടി രൂപ (വകയിരുത്തിയ തുകയുടെ 64%) തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

4. റോഡിതര മെയ്ന്റനൻസ് ഫണ്ടിനത്തിൽ 74 ലക്ഷം രൂപ വകയിരുത്തി 10 പ്രോജക്റ്റുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 7 പ്രവൃത്തികൾക്കായി 46.16 ലക്ഷം രൂപ (വകയിരുത്തിയ തുകയുടെ 63%) മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. ആശുപത്രികൾക്ക് മരുന്നു വാങ്ങുന്നതിനും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിൻജന്റ് ചെലവുകൾക്കുമായി 8 ലക്ഷം രൂപയും ആകെ ചെലവിൽ ഉൾപ്പെടുന്നുണ്ട്.

5. നോൺ റോഡ് മെയ്ന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി വകയിരുത്തിയ തുകകൾ ചെലവഴിക്കുന്നതിൽ ലക്ഷ്യം കൈവരിച്ചിട്ടില്ല.

ഉദാ. 63/21-കുടുംബാരോഗ്യ കേന്ദ്രം മെയ്ന്റനൻസ് - 19.11 ലക്ഷം രൂപ

64/21-ഹോമിയോ ആശുപത്രി സ്റ്റോർ നവീകരണം - 200000 രൂപ

6. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യകതകൾക്ക് മുൻഗണന നൽകാതെ മറ്റ് ഗ്രാമപഞ്ചായത്തിന്റെ തനത് ആസ്തികൾക്കായി തുക ചെലവഴിക്കുന്ന പ്രവണതയു നിലവിലുണ്ട്. പഞ്ചായത്ത് ഓഫീസ് കെട്ടിട നവീകരണം, ഫർണീഷിംഗ് മുതലായ പ്രവൃത്തികൾക്ക് തൻവർഷം 2000000 രൂപ ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ട് നം. 161/21 പഞ്ചായത്ത് ഓഫീസ് നവീകരണ പ്രവർത്തികൾ

അടങ്കൽ -2000000 ( റോഡിതര മെയിന്റനൻസ് ഗ്രാന്റ് )

ചെലവ് -1927662

(ബിൽ നം. 19/24.08.20-48924 രൂപ, ബിൽ നം 25/28.09.20 -485268 രൂപ, ബിൽ നം 29/9.01.2021 -1168990 രൂപ, 51/21.02.21-224480 രൂപ)

മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ നവീകരണ പ്രവർത്തികളാണ് ചെയ്തിട്ടുള്ളത്. റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചാണ് പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളത്. ജി.ഒ (എം.എസ്)നം. 330/2004/തസ്വഭവ തിയതി 9-12-2004 പ്രകാരം പുറപ്പെടുവിച്ച ജനറൽ പർപ്പസ് ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ അനുസരിച്ച് തനത് ആസ്തികളായ ഓഫീസ് കെട്ടിടങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയുടെ നവീകരണ പ്രവർത്തികൾക്കായി റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. ആസ്തി സംരക്ഷണ പദ്ധതി രൂപീകരിച്ച് മുൻഗണന നിശ്ചയിച്ച് പ്രോജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്.
2. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി വകയിരുത്തുന്ന തുക സമയബന്ധിതമായി ചെലവഴിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

4. മെയ്ന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.

5. മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 18/14-3-2021 നുള്ള മറുപടിയിൽ ഫണ്ട് വക മാറ്റൽ ഒഴിവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-34 കാരാട്ടുപാടം എസ്.സി കോളനി കുടിവെള്ള പദ്ധതി-ഭൗതികലക്ഷ്യം കൈവരിച്ചില്ല

70/19-കാരാട്ടുപാടം എസ്.സി കോളനി കുടിവെള്ള പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനിയർ

അടങ്കൽ - 300000 (SCP)

പി.എ.സി - 283455

എഗ്രിമെന്റ് നം. 38/3-12-2018

പൂർത്തീകരണ കാലാവധി - 6 മാസം

നാളിതുവരെയുള്ള ചെലവ് - 208635

(-) ഒന്നാം പാർട്ട് ബിൽ - 98340 (20-3-2019)

ബാക്കി - 110295 (ബിൽ നം. 1/17-4-2019)

അളവു പുസ്തകം - 115/16-17

വേനൽക്കാലങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കുഴൽ കിണർ കുഴിക്കൽ, 5HP മോട്ടോർ, പമ്പ് ഹൗസ്, വൈദ്യുതി കണക്ഷൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ മുതലായ പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. ആദ്യം കുഴിച്ച കുഴൽ കിണറിൽ വെള്ളം ലഭ്യമാകാതിരുന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പുതിയ കുഴൽ കിണർ കുഴിച്ചിട്ടുണ്ട്. 14-1-2020 നാണ് രണ്ടാമത്തെ കുഴൽകിണർ നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും നാളിതുവരെ മോട്ടോർ സ്ഥാപിക്കൽ, പമ്പ് ഹൗസ്, ഇലക്ട്രിഫിക്കേഷൻ, പൈപ്പ് ലൈൻ മുതലായ പ്രവൃത്തികൾ നടന്നിട്ടില്ല. 7-10-2020 ന് യീൽഡ് ടെസ്റ്റ് നടത്തുന്നതിനായി എ.ഇ ഭൂജല വകുപ്പിന് അപേക്ഷ നൽകിയെങ്കിലും 1-7-2021 നാണ് യീൽഡ് ടെസ്റ്റ് റിപ്പോർട്ട് ലഭ്യമായിട്ടുള്ളത്.

നടപടിക്രമങ്ങളിൽ കാലതാമസം ഉണ്ടായതിനാൽ കുടിവെള്ള പദ്ധതിയുടെ പ്രയോജനം പൊതജനങ്ങൾക്ക് ലഭ്യമായിട്ടില്ല. പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 12/13-9-2021 ന് 2021-22 നുള്ള മറുപടിയിൽ 2021-22 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്.

പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ പദ്ധതി പ്രാവർത്തികമാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-35 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയപ്പോൾ കരാറുകാരിൽ നിന്നും PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറു മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ)

ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ്, കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. പല പ്രവൃത്തികളുടെ ഫയലിലും അത്തരത്തിലുള്ള അപേക്ഷയും നിർവ്വഹണ ഉദ്യോഗസ്ഥനായി അസി. എഞ്ചിനിയറുടെ ശുപാർശയും സൂക്ഷിച്ചിട്ടില്ല. കരാറുകാരനിൽ നിന്നും പി.എ.സി യുടെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട പിഴ ഈടാക്കാതെയാണ് പല പ്രവൃത്തികളുടേയും പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത്. ഏതാനും പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ഭാഗികമായി മാത്രം പിഴ ക്രമീകരിച്ചതായും കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഇടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|
| 1 | 98/19,227/21-എം.സി.എഫ് നിർമ്മാണം<br>അടങ്കൽ - 2901500 (ജനറൽ - 1701500+ കേന്ദ്രാവിഷ്കൃതം - 1200000)<br>PAC- 2813890<br>കരാറുകാരൻ - ശ്രീ.കാസിം.എസ്<br>എഗ്രിമെന്റ് നം.:61/29-12-2018<br>അളവു പുസ്തകം - 107/16-17, 114/16-17, 55/19-20<br>ചെലവ് - 2315151<br>(അവസാന ബിൽ നം.65/12-1-21)<br>പൂർത്തീകരണ കാലാവധി - 9 മാസം | 28-9-2019 | 15-6-2020 | 15950 | 28138<br>(1%)<br>(*) | 12188 |
| | (*) പ്രവൃത്തിക്കായി ആദ്യ തവണ 1% ഫൈനോടുകൂടി നീട്ടി നൽകിയെങ്കിലും മതിയായ ഫൈൻ ഈടാക്കിയിട്ടില്ല. രണ്ടാം തവണ മതിയായ കാരണങ്ങളാൽ ഫൈൻ ഇല്ലാതെയാണ് നീട്ടി നൽകിയിട്ടുള്ളത്. | | | | | |
| 2 | 240/20, 200/21-മാമണി റോഡ് റീടാറിംഗ്<br>അടങ്കൽ - 400000<br>PAC- 398689<br>കരാറുകാരൻ – ശ്രീ.ഭാസ്കരൻ.സി<br>എഗ്രിമെന്റ് നം.: 22/26-11-2019<br>അളവു പുസ്തകം - 119/20-21<br>ചെലവ് - 398621<br>(അവസാന ബിൽ നം.76/30-1-21)<br>പൂർത്തീകരണ കാലാവധി - 7 മാസം | 25-6-2020 | 29-12-2020 | 2551 | 11960<br>(3%) | 9409 |

ആകെ – 21597 രൂപ.

ഓഡിറ്റ് അന്വേഷണം നം. 12(3)/13-9-2021 നുള്ള മറുപടിയിൽ കരാറുകാരിൽ നിന്നും തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈടാക്കുവാൻ വിട്ടുപോയ പിഴ കരാറുകാരിൽ നിന്നോ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലേയും 2012ലെ പി.ഡബ്ള്യുഡി മാന്വലിലേയും നിബന്ധനകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-36 മരുതി റോഡ് സൈഡ് പ്രൊട്ടക്ഷൻ-റീടെണ്ടറിൽ ചട്ടം അനുശാസിക്കും പ്രകാരമുള്ള നെഗോഷ്യേഷൻ നടത്തിയില്ല

73/20-മരുതി റോഡ് സൈഡ് പ്രൊട്ടക്ഷൻ
അടങ്കൽ - 300000 (CFC)

13-11-2019 ന നടന്ന ടെണ്ടറിൽ പങ്കെടുത്ത ശ്രീ.ഹരിദാസ്.ആർ എന്ന വ്യക്തി 11.5% കുറവാണ് ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്നതെങ്കിലും സിംഗിൾ ടെണ്ടർ ആയതിനാൽ പ്രവൃത്തി റീടെണ്ടർ ചെയ്തു. 10-1-2020 ന നടന്ന റീടെണ്ടറിൽ ലഭ്യമായ ടെണ്ടറുകളുടെ വിവരം താഴെ ചേർക്കുന്നു.

1. ശ്രീ.ഹരിദാസ്.ആർ. - എസ്റ്റിമേറ്റ് നിരക്ക്

2. ശ്രീ.മുരുകേശൻ.ആർ - 5% Above

റീടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.ഹരിദാസ്.ആർ എന്നയാളുടെ ടെണ്ടർ അംഗീകരിക്കുകയും എഗ്രിമെന്റ് വെക്കുകയും ചെയ്തു.

എഗ്രിമെന്റ് നം.:70/17-2-2020

1997 ലെ കേരള പഞ്ചായത്ത് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം മതിയായ കാരണങ്ങളാൽ പ്രവൃത്തികളുടെ റീടെണ്ടർ ചെയ്യാവുന്നതാണെന്നും റീടെണ്ടറിലെ നിരക്കുകൾ സ്വീകാര്യമല്ലെന്ന് കാണുന്നപക്ഷം പഞ്ചായത്തിന്റെ അനുമതിയോടെ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനുമായി നെഗോഷ്യേഷൻ നടത്തേണ്ടതാണ്. എന്നാൽ മേൽ പ്രവൃത്തിയുടെ ആദ്യകരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കിനേക്കാൾ വളരെ ഉയർന്ന തോതിൽ അതേ കരാറുകാരൻ റീടെണ്ടറിൽ നിരക്ക് ക്വോട്ട് ചെയ്തിട്ടും ചട്ടം അനുശാസിക്കും പ്രകാരം വിലപേശൽ നടത്താതെയാണ് പ്രവൃത്തിയുടെ കരാർ ഒപ്പു വെച്ചിട്ടുള്ളത്. ആയതിനാൽ വിലപേശലിലൂടെ ഗ്രാമപഞ്ചായത്തിന് ഉണ്ടാകുമായിരുന്ന സാമ്പത്തികനേട്ടം ഇല്ലാതായതായി വിലയിരുത്തുന്നു.

അളവു പുസ്തകം - 149/19-20
ചെലവ് - 271209
( ബിൽ നം.24/8-6-2020)

കരാറുകാരനുമായി നെഗോഷ്യേഷൻ നടത്താതിരുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം 12(4)/13-9-2021 ന് ലഭമാക്കിയ മറുപടി തൃപ്തികരമല്ല.
മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടിക്രമങ്ങളിൽ 1997 ലെ കേരള പഞ്ചായത്ത് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, കേരള PWD മാന്വൽ, 2012 എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-37 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുമ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ച് കാലാവധി നിജപ്പെടുത്തുന്നില്ല

2018-19, 2019-20 വർഷത്തിൽ എഗ്രിമെന്റ് വെച്ച പല പ്രവൃത്തികളുടേയും പൂർത്തീകരണം നടന്നിട്ടുള്ളത് 2020-21 വർഷത്തിലാണ്. 2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ

കൂടുതൽ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ കാലാവധിക്കുള്ളിൽ നിർവ്വഹണ കാലാവധി പൂർത്തീകരിക്കുന്നുണ്ടെന്ന് അധികാരികൾ ഉറപ്പാക്കിയിട്ടില്ല. കേരള ഫിനാൻസ് ആക്ട്, 2019 പ്രകാരം സപ്ലിമെന്ററി എഗ്രിമെന്റുകൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടിയിൽ കേരള സ്റ്റാമ്പ് ആക്ട്, 1959 ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതനുസരിച്ച് പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾക്കും നൽകുവാനുമുള്ള സേവനങ്ങൾക്കുമുള്ള സപ്ലിമെന്ററി എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി, സപ്ലിമെന്ററി എഗ്രിമെന്റിൽ സമ്മതിക്കുന്ന തുകയുടെ അടിസ്ഥാനത്തിൽ ഈടാക്കേണ്ടതാണ്.

PWD മാനുവലിലെ സമയക്രമം പാലിക്കാതെയും സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കാതെയും പൂർത്തീകരിച്ച പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

<u>1. 98/19, 227/21-എം.സി.എഫ് നിർമ്മാണം</u>

അടങ്കൽ - 2901500 (ജനറൽ - 1701500+ കേന്ദ്രാവിഷ്കൃതം - 1200000)

APAC- 2650556

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

കരാറുകാരൻ - ശ്രീ.കാസിം.എസ്

എഗ്രിമെന്റ് നം.:61/29-12-2018

പൂർത്തീകരണ കാലാവധി - 9 മാസം

അളവ് പുസ്തകം - 107/16-17, 114/16-17, 55/19-20

ആകെ ചെലവ് - 2315151 (21-3-2019 (തനത് ഫണ്ട്) - 1026709 + 12-1-2021 (വികസന ഫണ്ട്) -1115151 + 13-1-2021 – 173291 (തനത് ഫണ്ട്))

(അവസാന ബിൽ നം.65/12-1-21)

പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 6-2-2020 ലെ അപേക്ഷയെത്തുടർന്ന് 14-5-2020 വരെയും തുടർന്ന് 13-7-2020 വരെയും രണ്ടു ഘട്ടങ്ങളിലായി ദീർഘിപ്പിച്ച് നൽകിയെങ്കിലും സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചിട്ടില്ല.

APAC തുകയായ 2650556 രൂപയിൽ നിന്നും 2018-19 വർഷത്തിൽ നൽകിയ പാർട്ട് ബിൽ തുകയായ 1026709 രൂപ കിഴിച്ചതിനുശേഷമുള്ള 1623847 രൂപ നിശ്ചയിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പു വയ്ക്കാതിരുന്നതിനാൽ സർക്കാരിന് സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ താഴെ പറയും പ്രകാരം നഷ്ടമുണ്ടായിട്ടുണ്ട്.

ഒന്നാം ഘട്ടം - 1630

രണ്ടാം ഘട്ടം - 1630

ആകെ - 3260 രൂപ.

<u>2. 1. 217/18-പാലക്കോട് അങ്കണവാടി നിർമ്മാണം</u>

അടങ്കൽ - 1200000(ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

APAC- 1187592

കരാറുകാരൻ - ശ്രീ.പ്രമോദ്കുമാർ.ജി

എഗ്രിമെന്റ് നം.:93/16-12-2018

പൂർത്തീകരണ കാലാവധി - 6 മാസം

അളവ് പുസ്തകം - 178, 94 & 181(6-17), 218 & 221 (18-19)

ആകെ ചെലവ് - 1187293 (11-12-18 – 590822 + 25-5-20-596471)

(അവസാന ബിൽ നം.18/25-5-20)

പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുവാനുള്ള കരാറുകാരന്റെ അപേക്ഷ, നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശുപാർശ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. നിയമാനുസൃതം ഈടാക്കേണ്ട 3% പിഴ ഈടീക്കിയിട്ടുണ്ടെങ്കിലും രണ്ടു ഘട്ടങ്ങളിലും സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ച്ചിട്ടില്ല.

APAC തുകയായ 1187592 രൂപയിൽ നിന്നും 2018-19 വർഷത്തിൽ നൽകിയ പാർട്ട് ബിൽ തുകയായ 590822 രൂപ കിഴിച്ചതിനുശേഷമുള്ള 596770 രൂപ നിശ്ചയിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പ് വയ്ക്കാതിരുന്നതിനാൽ സർക്കാരിന് സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ താഴെ പറയും പ്രകാരം നഷ്ടമുണ്ടായിട്ടുണ്ട്.

ഒന്നാം ഘട്ടം - 600

രണ്ടാം ഘട്ടം - 600

ആകെ - 1200 രൂപ.

മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകുമ്പോൾ കൃത്യമായ പൂർത്തീകരണ തിയതി വ്യക്തമാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ പ്രവൃത്തികളിൽ സർക്കാരിനുണ്ടായ നഷ്ടം നികത്തേണ്ടതാണ്. വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

മേൽ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 12(6)/13-9-2021 നുള്ള മറുപടിയിൽ സ്ഥിരമായി അസി.എഞ്ചിനിയറുടെ അഭാവവും സെക്കന്റ് ഗ്രേഡ് ഓവർസിയറുടെ അഭാവവും പ്രോജക്റ്റുകളുടേയും ബിൽഡിംഗ് പെർമിറ്റ് ഫയലുകളുടേയും ബാഹുല്യവും ആകെയുള്ള തേർഡ് ഗ്രേഡ് ഓവർസിയറുടെ ജോലിഭാരവും കാരണമാണ് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ ഉണ്ടായിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. എഞ്ചിനിയറിംഗ് വിംഗിന്റെ പ്രശ്നങ്ങളിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ഇടപെടൽ ആവശ്യപ്പെടുന്നു.

## 1-38 സ്ഥല ലഭ്യത ഉറപ്പാക്കാതെ മിനി കുടിവെള്ള പദ്ധതികൾക്ക് വാട്ടർ ടാങ്ക് നിർമ്മാണത്തിനുള്ള പദ്ധതി ഏറ്റെടുത്തു - ഭൗതിക ലക്ഷ്യം കൈവരിച്ചില്ല

പ്രൊ.നം. 15/20, 149/21- മിനി കുടിവെള്ള പദ്ധതികൾക്ക് വാട്ടർ ടാങ്ക്

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

വാർഡ് 3 ലെ ചെങ്ങംപൊറ്റ, വാർഡ് 14 ലെ തെക്കേത്തറ, വാർഡ് 11 ലെ രണ്ടിലപ്പ, വാർഡ് 16 ലെ നടപ്പാടം എന്നീ സ്ഥലങ്ങളിലെ കുടിവെള്ള പദ്ധതികൾക്ക് ആർ.സി.സി വാട്ടർ ടാങ്ക് നിർമ്മിച്ച് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി കേന്ദ്ര ഫിനാൻസ് കമ്മീഷൻ ഗ്രാന്റിൽ നിന്നും 25 ലക്ഷം രൂപ വകയിരുത്തിയാണ് പ്രോജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത്. പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരനുമായി എഗ്രിമെന്റ് ഒപ്പ് വെക്കുകയും സൈറ്റ് കൈമാറുകയും ചെയ്തതിനുശേഷം കരാറുകാരൻ പ്രവൃത്തി ആരംഭിച്ചുവെങ്കിലും മൂന്ന് സ്ഥലങ്ങളിലെ വാട്ടർ ടാങ്ക് നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമാകാതിരുന്നതിനായി എസ്റ്റിമേറ്റ്, പ്രോജക്റ്റ് എന്നിവ റിവൈസ് ചെയ്ത് അടങ്കൽ തുക 1060000 രൂപയായി കുറവ് ചെയ്തിട്ടുള്ളതായി ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

അടങ്കൽ - 25 ലക്ഷം രൂപ (പുതുക്കിയ അടങ്കൽ - 1060000 രൂപ)

കരാറുകാരൻ - ശ്രീ.ആർ.മുരുകേശൻ

എഗ്രിമെന്റ് നം. 42/9-12-2019

PAC02499092

APAC- 2231248

കരാർ കാലാവധി- 7 മാസം

സൈറ്റ് കൈമാറിയ തിയതി - 29-1-2020

15-1-2021 ലെ തീരുമാനം നം. 15(1) പ്രകാരം പ്രോജക്റ്റിന്റെ അടങ്കൽ തുക റിവൈസ് ചെയ്യുന്നതിനായി ഡി.പി.സി ക്ക് നൽകുന്നതിനായി തീരുമാനിക്കുകയു അടങ്കൽ തുക 25 ലക്ഷം രൂപയിൽ നിന്നും 10.60 ലക്ഷം രൂപയായി കുറവ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ മൂന്നാം വാർഡിലെ ചെങ്ങംപൊറ്റയിൽ മാത്രമാണ് വാട്ടർ ടാങ്ക് പണിയുന്നതിന് സ്ഥലം വിട്ടുകിട്ടിയതെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് എസ്റ്റിമേറ്റും മറ്റ് അനുമതികളും റിവൈസ് ചെയ്തിട്ടുള്ളത്.

പദ്ധതിയുടെ ചെലവ് - 1000745

(ബിൽ നം. 14/5-5-20 – 198148 + 45/27-8-20 – 388469 + 104/25-3-21 – 413828)

പ്രവൃത്തിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. നാല് പദ്ധതി പ്രദേശങ്ങൾ നിശ്ചയിച്ചതിൽ മൂന്ന് സ്ഥലങ്ങളിലേയും സ്ഥല ലഭ്യത ഉറപ്പാക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയത്.

2. എസ്റ്റിമേറ്റ്, അടങ്കൽ, പ്രോജക്റ്റ് എന്നിവ റിവൈസ് ചെയ്തുവെങ്കിലും കരാറുകാരനെ രേഖാമൂലം പുതുക്കിയ അടങ്കൽ തുക അറിയിക്കുകയോ പുതുക്കിയ നിരക്ക് നിശ്ചയിക്കുകയോ ചെയ്തിട്ടില്ല. സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പു വെച്ചതായും കാണുന്നില്ല. 25 ലക്ഷം രൂപയുടെ അടങ്കൽ നിശ്ചയിച്ചിരുന്ന പ്രവൃത്തിക്ക് 2231248 രൂപയാണ് കരാറുകാരൻ ക്വോട്ട് ചെയ്തിരുന്നത്. പിന്നീട് അടങ്കൽ തുക 12.60 ലക്ഷം രൂപയായി കുറവു ചെയ്തപ്പോൾ APAC പുതുക്കി നിശ്ചയിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് വെക്കാതിരുന്നതിനാൽ കരാറുകാരന് നൽകിയ തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 15(2)/13-9-2021 നുള്ള മറുപടിയിൽ പദ്ധതി നിർവ്വഹണ സമയത്തിനുള്ളിൽ സ്ഥലം കണ്ടെത്തി നൽകാമെന്ന ജനപ്രതിനിധികളുടെ ഉറപ്പിന്മേലാണ് ഡി.പി.സി യുടെ അംഗീകാരം ലഭ്യമാക്കി ടെണ്ടർ ക്ഷണിച്ച് കരാറിൽ ഏർപ്പെട്ടതെന്ന് അറിയിച്ചിട്ടുണ്ട്. പിന്നീട് സ്ഥലം കണ്ടെത്തുവാനായില്ലെന്നും അറിയിച്ചിട്ടുണ്ട്.
കൃത്യമായ സാധ്യതാ പഠനം നടത്തി സ്ഥലലഭ്യത ഉറപ്പാക്കിയതിനുശേഷം മാത്രം പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുവാനും മറ്റു പദ്ധതികൾക്കായി ഉപയോഗപ്പെടുത്താമായിരുന്ന ഫണ്ട് മുടങ്ങുന്നതിനിടയാക്കുന്ന ഇത്തരം സാഹചര്യം ഒഴിവാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണ സമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## <u>ഭാഗം -2</u>

### <u>2-1 ജീവനക്കാരിൽ നിന്നും ചട്ട പ്രകാരം ഈടാക്കേണ്ട തൊഴിൽ നികുതി ഈടാക്കിയില്ല</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (1), (2) പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ പട്ടിക പ്രകാരം ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യതയും രേഖകളുടെ സൂക്ഷിപ്പും പരിശോധിക്കുവാൻ ഓഡിറ്റ് ലക്ഷ്യമിടുകയും ആയതനുസരിച്ച് ഡിമാൻറ് രജിസ്റ്റർ, റിട്ടേണുകൾ, ലൈസൻസ് രജിസ്റ്റർ, ലൈസൻസ് അപേക്ഷകൾ എന്നിവ പരിശോധിക്കുകയും ചെയ്തു. പരിശോധനയിൽ കണ്ടെത്തിയ പോരായ്മകൾ താഴെ ചേർക്കുന്നു.

<u>അർദ്ധ വാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

1997 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ പട്ടിക പ്രകാരം ഓരോ അർദ്ധ വർഷത്തിലും ജീവനക്കാരുടെ വരുമാനം അടിസ്ഥാനമാക്കി ഈടാക്കാവുന്ന പരമാവധി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. കളരി കോവിലകം ആയുർവേദിക് ട്രീറ്റ്മെന്റ് സെന്റർ, കൊല്ലങ്കോട് എന്ന സ്ഥാപനത്തിന്റെ തൊഴിൽ നികുതി റിട്ടേൺ, ഡിമാന്റ് രജിസ്റ്റർ എന്നിവ പ്രകാരം ചട്ടത്തിലെ പട്ടിക പ്രകാരമുള്ള നിരക്കിൽ നിന്നും വ്യത്യസ്ഥമായ തുകയാണ് ഈടാക്കിയിട്ടുള്ളതെന്നും ഈടാക്കാവുന്ന ഏറ്റവും കുറഞ്ഞ തുക പോലും ഈടാക്കിയിട്ടില്ലെന്നും കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്തിനുണ്ടായ ഏറ്റവും കുറഞ്ഞ നഷ്ടം താഴെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരൻ, തസ്തിക | അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാ ക്കാവുന്ന നികുതിയുടെ പരിധി | ഏറ്റവും കുറഞ്ഞ നഷ്ടം |
|---|---|---|---|---|---|---|
| 1 | അഭി മാത്യു, റൂം അറ്റൻഡന്റ് | 2 | 73800 | 180 | 601-750 | 421 |
| 2 | ആരതി കൃഷ്ണൻ, ട്രെയിനി | 2 | 70950 | 300 | 451-600 | 151 |
| 3 | ബാലാജി മുരുകൻ, ലാണ്ടറി അസി. | 2 | 99000 | 450 | 601-750 | 151 |
| 4 | ജയകുമാർ.വി. സീനി.തെറാപിസ്റ്റ് | 2 | 133200 | 1000 | 1250 | 250 |
| 5 | ജിതിൻ വി തോമസ് | 2 | 70950 | 300 | 451-600 | 151 |
| 6 | കൃഷ്ണദാസ്.കെ. സ്റ്റീവാർഡ് | 2 | 94200 | 180 | 601-750 | 421 |
| 7 | മധുസൂധനൻ.എം., സീനി.സ്റ്റീവാർഡ് | 2 | 97800 | 450 | 601-750 | 151 |
| 8 | സന്ദീപ്.ടി. ട്രേഡ്സ്മാൻ | 2 | 78000 | 300 | 601-750 | 301 |
| 9 | ശിവദാസൻ.പി. സ്റ്റോർ ഇൻ ചാർജ് | 2 | 149400 | 180 | 1250 | 1070 |
| 10 | ശ്രീഹരി പ്രേംകുമാർ നായർ, അസി.മാനേജർ | 2 | 162000 | 750 | 125000 | 250 |
| 11 | വാസന്തി.ആർ. ട്രെയിനി | 2 | 70950 | 300 | 451-600 | 151 |
| 12 | വിപിൻകുമാർ.പി. ക്യാപ്റ്റൻ | 2 | 133200 | 1000 | 125000 | 250 |
| ഏറ്റവും കുറഞ്ഞ നഷ്ടം | | | | 3493 | | |

നികുതി തെറ്റായി ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 11(1)/10-9-2021 നുള്ള മറുപടിയിൽ കുറവു വന്ന നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കുറവു വന്ന തുക സ്ഥാപനത്തിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി തനത് ഫണ്ടിൽ വരവു വയ്ക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

### 3-1 ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് ആയി അധിക തുക അനുവദിച്ചു

പ്രോജക്ട്-54/21-വി.ജി.എഫ് ഫോർ ഹരിത കർമ്മസേന
അടങ്കൽ- 500000 (വികസനഫണ്ട് – ജനറൽ)
നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ
ചെലവ്-469800

1. ബിൽ നം.1/20-21 തീയതി 01.07.20 = 88200 (6x24 @ 300 X 2)
2. ബിൽ നം.4/20-21 തീയതി 20.08.20 = 43200 (6x24 @ 300 X 1)
3. ബിൽ നം.5/20-21 തീയതി 15.09.20=43200 (6x24 @ 300 X 1)
4. ബിൽ നം.6/20-21 തീയതി 06.01.21=43200 (6x24 @ 300 X 1)
5. ബിൽ നം.9/20-21 തീയതി 21.01.21=43200 (6x24 @ 300 X 1)
6. ബിൽ നം.13/20-21 തീയതി 09.02.21=34800 (6x20 @ 290 X 1)
7. ബിൽ നം.14/20-21 തീയതി 09.02.21=34800 (6x20 @ 290 X 1)
8. ബിൽ നം.15/20-21 തീയതി 10.02.21=139200 (6x20 @ 290 X 4)

കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേന രൂപീകൃതമായത് 2020-21 വർഷത്തിൽ മാത്രമാണ്. ആദ്യ ഘട്ടത്തിൽ 6 പേർ മാത്രമാണ് ഹരിത കർമ്മസേനയിൽ ഉണ്ടായിരുന്നത്. 2020-21 വർഷത്തിൽ യൂസർ ഫീ ഇനത്തിൽ ലഭ്യമായ തുക 155165 രൂപ മാത്രമാണ്. യൂസർ ഫീയിനത്തിലെ കുറവ് പരിഹരിക്കുന്നതിനായി പ്രോജക്റ്റ് രൂപീകരിച്ച് 500000 രൂപ വകയിരുത്തി പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ടായി 469800 രൂപ ഹരിത കർമ്മസേനയ്ക്ക് അനുവദിച്ചിട്ടുണ്ട്.

സ.ഉ(സാധാ)നം.1391/2018/തസ്വഭവ തിയതി 19-5-2018 പ്രകാരം ഹരിത കർമ്മ സേനയുടെ പ്രാഥമിക ചെലവ് വഹിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് ആറു മാസത്തേക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിനുള്ള തുക പ്ലാൻ ഫണ്ടിൽ നിന്നും വാർഡ് ഒന്നിന് പരമാവധി 23175 രൂപയിൽ അധികരിക്കാതെ വിനിയോഗിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ഓരോ വാർഡിന്റേയും വി.ജി.എഫ് ഹരിത കേരള മിഷൻ പ്രത്യേകം നിശ്ചയിച്ച നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ.ഉ(സാധാ)നം.62/2020/തസ്വഭവ തിയതി 11-4-2020 പ്രകാരം ആറു മാസത്തേക്ക് കൂടി വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതു പ്രകാരം വാർഡ് ഒന്നിന് 11600/- രൂപ അനുവദനീയമാണ്.

ഓരോ വാർഡിനും ആവശ്യമായ വി.ജി.എഫ് ഹരിത കേരള മിഷൻ പ്രത്യേകം നിശ്ചയിച്ച നൽകിയിട്ടില്ല. ഓരോ ഹരിത കർമ്മേസേനാംഗത്തിനും 300 രൂപ, 290 രൂപ എന്നിങ്ങനെ പ്രതിദിന തുകയായി അനുവദിക്കുകയാണുണ്ടായത്. ഗ്രാമപഞ്ചായത്തിൽ ആകെ 18 വാർഡുകളാണ് ഉള്ളത്.

വി.ജി.എഫ് അനുവദിച്ച സമയത്ത് 6 ഹരിത കർമ്മസേനാംഗങ്ങൾ മാത്രമാണ് പ്രവർത്തിച്ചിരുന്നത്. ഗ്യാപ് ഫണ്ട് അനുവദിച്ചത് യൂസർ ഫീ ഇനത്തിൽ ലഭ്യമായ തുക കൂടി കണക്കിലെടുത്താണോ എന്നത് വ്യക്തമല്ല.

സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാതെ വി.ജി.എഫ് അനുവദിച്ചതിനുള്ള സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 21/14.09.2021 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. 14-9-2021 ന് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, അസി. സെക്രട്ടറി എന്നിവരുമായി നടത്തിയ ചർച്ചയിൽ പുതിയതായി രൂപീകരിച്ച ഹരിത കർമ്മസേനയ്ക്ക് യൂസർ ഫീയിനത്തിൽ ലഭിച്ചിരുന്ന തുകയിലെ കുറവ് പരിഹരിക്കുന്നതിനായാണ് വി.ജി.എഫ് 19-5-2018 ലെ ഉത്തരവിനനുസൃതമായി നൽകിയതെന്ന് വിശദീകരി ക്കുകയുണ്ടായി. വീടുകളിൽ നിന്നും 60 രൂപ യൂസർ ഫീ ആയി പിരിക്കുവാൻ തീരുമാനിച്ചിരുന്നുവെങ്കിലും പ്രായോഗിക പ്രശ്നങ്ങൾ കണക്കിലെടുത്ത് 30 രൂപ മാത്രമാണ് ഈടാക്കുവാൻ സാധിച്ചതെന്നും വിശദീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വിശദീകരണം

കൂടി കണക്കിലെടുത്തുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

ഹരിത കർമ്മസേനയുടെ പ്രവർത്തനം സുഗമമായി മുന്നോട്ടു കൊണ്ടു പോകുന്നതിനായി ആദ്യ വർഷത്തിൽ ഹരിത കേരളം മിഷന് തീരുമാനിക്കാവുന്ന പരമാവധി തുക വാർഡ് ഒന്നിന് 23175 രൂപയായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ പരമാവധി അനുവദനീയമായി തുക താഴെ പറയും പ്രകാരം നിജപ്പെടുത്തേണ്ടതായിരുന്നു.

18 വാർഡുകൾക്ക് നൽകാവുന്ന പരമാവധി വി.ജി.എഫ് – 18x23175 = 417150 രൂപ

അനുവദിച്ചത് – 469800 രൂപ

അധികം അനുവദിച്ചത് – 52650 രൂപ

സഞ്ചയ നിധിയിൽ നിന്നും അധികം പിൻവലിച്ച 52650 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഹരിത കർമ്മസേനയുടെ ഫണ്ടിൽ നിന്ന് തിരികെ ഈടാക്കുകയോ അല്ലാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 6.9.2021 മുതൽ 15.9.2021 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 3203 | എയ്റോബിക് കംപോസ്റ്റ് | 0 | 3203 |
| | 2016-17 | 5600 | ODF | 0 | 5600 |
| | 2017-18 | 3918 | പാലിയേറ്റീവ് | 0 | 3918 |
| | 2019-20 | 888014 | ലൈഫ് ഭവനം-എസ്.സി | 0 | 888014 |
| | 2019-20 | 1479 | പാലിയേറ്റീവ് | 0 | 1479 |
| | 2019-20 | 518 | കട്ടിൽ | 0 | 518 |
| | 2020-21 | 2054400 | ഉഴവുകൂലി | 2054400 | 0 |
| | 2020-21 | 131175 | പാലിയേറ്റീവ് | 131175 | 0 |
| | 2020-21 | 167500 | സ്കോളർഷിപ്പ് | 167500 | 0 |
| | 2020-21 | 498020 | വൃദ്ധർക്ക് കട്ടിൽ | 498020 | 00 |
| | 2020-21 | 5000 | ജനകീയ ഹോട്ടൽ | 5000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 ന മുമ്പ് | 17500 | ഗായത്രി വാട്ടർഷെഡ് | 0 | 17500 |
| | 2018-19 | 812833 | ലൈഫ് (ജനറൽ+SCP) | | 812833 |
| | 2019- | 1390519 | ലൈഫ് | 500000 | 890519 |

| | | | | | |
|---|---|---|---|---|---|
| | 20 | | (ജനറൽ) | | |
| | 2020-21 | 2823520 | 148/21-നെൽകൃഷി കൂലിച്ചെലവ് | 2823520 | 0 |
| | | 2831872 | 17/21-ഉഴവുകൂലി | 2831872 | 0 |
| ഗ്രാമപഞ്ചായത്ത്-നെല്ലിയാമ്പതി | 2018-19 | 40000 | ലൈഫ് മിഷൻ | ० | 40000 |

ജില്ലാ പഞ്ചായത്തിന്റേയും ബ്ലോക്ക് പഞ്ചായത്തിന്റേയും വിഹിതങ്ങളുടെ കൃത്യമായ വരവ്-ചെലവു കണക്കുകളുടെ വിവരം രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ആയത് എഴുതി സൂക്ഷിക്കേണ്ടതാണ്. ചെലവഴിക്കാതെ അവശേഷിക്കുന്ന സംയുക്ത പ്രോജക്റ്റുകളുടെ തുക ചെലവഴിക്കുകയോ അതാത് സ്ഥാപനങ്ങളിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|
| KSEB | 270/21-തറക്കളം കോളനി വൈദ്യുതി ലൈൻ വലിക്കൽ | 30/1-11-20 | 39651 | വിനിയോഗ സാക്ഷ്യപത്രം 2021-22 സാമ്പത്തികവർഷം ലഭ്യമായിട്ടുണ്ട്. |
| KSEB | 269/21 – തേക്കിൻ ചിറ കുടിവെള്ള പദ്ധതി വൈദ്യുതി കണക്ഷൻ എടുക്കൽ | 26/30.09.2020 | 23239 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ചത് | ആകെ വായ്പാ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| EMS ഭവനം | - | 1140354 | 0 | 1140354 | 1140354 | 0 | 0 |
| ലൈഫ്-KURDFC വായ്പ | - | 26065423 (*) | 2640000 | 28705423 | 2590706 | 0 | 26114717 |

(*) മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം വർഷാവസാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക 28050447 രൂപ എന്നാണ് ചേർത്തിരുന്നത്. 2019-20 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരമുള്ള KURDFC വായ്പാ തുകയായ 26065423 രൂപയാണ് തൻവർഷത്തെ മുന്നിരിപ്പായി മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 8616 രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപേരും |
|---|---|---|---|---|
| 2018-19 | 1-31(2) | 7366 | 120010103652/ 16-1-21 | ശ്രീമതി.കെ.പി.ശൈലജ, അസി.എഞ്ചിനിയർ |
| 2018-19 | 1-14(ബി) (ഭാഗികം) | 1250 | 120010103658/ 16-1-21 | ശ്രീ.കെ.മുരളി, സെക്രട്ടറി |

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ തീർപ്പാക്കുവാനുള്ള ഖണ്ഡികകളുടെ വിവരം താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | 2015-16 | 3.7 | പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കുള്ള പദ്ധതികൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടുണ്ടെങ്കിലും അന്തിമ തീർപ്പായിട്ടില്ല. |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക(രൂപ) |
|---|---|
| മുന്നിരിപ്പ് | 20894967 |
| ഓഡിറ്റ് വർഷത്തെ വരവ് | 108321305 |
| ആകെ | 129216272 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 117241853 |
| നീക്കിയിരിപ്പ് | 11974419 |
| വരവിനങ്ങളിലുള്ള നഷ്ടം | 3493 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 52650 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 3493 | - | ശ്രീമതി.കെ.സി.പ്രേമലത, സെക്രട്ടറി |
| 3-1 | - | 52650 | ശ്രീ.ഷാജി.കെ, വി.ഇ.ഒ |
| ആകെ | 3493 | 52650 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

ഒന്നുമില്ല.

<u>ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| | | |
|---|---|---|
| 1-35(1) | 12188 | ശ്രീ.കൃഷ്ണനുണ്ണി.കെ.സി, അസി.എഞ്ചിനിയർ |
| 1-35(2) | 9409 | ശ്രീ.കൃഷ്ണനുണ്ണി.കെ.സി, അസി.എഞ്ചിനിയർ |
| ആകെ | 21597 | |

<u>(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

1-37(1) – 3260 – ശ്രീമതി.ജിസ്സ.എ.കെ, അസി.എഞ്ചിനിയർ (സ്റ്റാമ്പ് ഡ്യൂട്ടി)

1-37(2) – 1200 – ശ്രീമതി.ജിസ്സ.എ.കെ, അസി.എഞ്ചിനിയർ (സ്റ്റാമ്പ് ഡ്യൂട്ടി)

ആകെ – 4460

<u>(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഒന്നുമില്ല

<u>(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.കെ.സി.പ്രേമലത, സെക്രട്ടറി | സെക്രട്ടറി, കൊല്ലങ്കോട്, ഗ്രാമപഞ്ചായത്ത് | ചിരട്ടപ്പുരയ്ക്കൽ വീട്, ചാലിങ്ങനാട്(പി.ഒ), കൈപ്പമംഗലം, തൃശ്ശൂർ-680681 |
| ശ്രീ.ഷാജി.കെ, വി.ഇ.ഒ | വി.ഇ.ഒ, വടവന്നൂർ, ഗ്രാമപഞ്ചായത്ത് | കുനയിൽ ഹൗസ്, മടപ്പള്ളി കോളേജ്(പി.ഒ), വടകര, കോഴിക്കോട് ജില്ല-673102 |
| ശ്രീ.കൃഷ്ണനുണ്ണി.കെ.സി, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, മുതലമട ഗ്രാമപഞ്ചായത്ത് | നീലാമ്പരി, ചാറ്റുവഴി, കൃഷിഭവൻ റോഡ്, വടവന്നൂർ, പാലക്കാട്-678504 |
| ശ്രീമതി.ജിസ്സ.എ.കെ, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, എലവഞ്ചേരി ഗ്രാമപഞ്ചായത്ത് | ആന്ത്രോഡ് കളം, കണിമംഗലം, നെന്മാറ(പി.ഒ), പാലക്കാട്-678508 |

<u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി8/1110/02 തിയതി 2-7-2013 | 9 |
| 1997-98 | എൽ.എഫ്.പി8/1110/02 തിയതി 2-7-2013 | 4 |
| 1998-99 | എൽ.എഫ്.പി19/1543/07 തിയതി 12-10-2011 | 10 |
| 1999-2000 | എൽ.എഫ്.പി9/990/07 തിയതി 29-02-2008 | 7 |
| 2000-2001 | എൽ.എഫ്.പി9/991/07 തിയതി 8-01-2008 | 7 |
| 2001-2002 | എൽ.എഫ്.പി9/992/07 തിയതി 8-01-2008 | 7 |
| 2002-2003 | എൽ.എഫ്.പി6/202/08 തിയതി 19.9.10 | 5 |
| 2003-2004 | എൽ.എഫ്.പി6/342/08 തിയതി 6.9.10 | 12 |
| 2004-2005 | എൽ.എഫ്.പി6/77/08 തിയതി 2.9.10 | 1 |
| 2005-2006 | എൽ.എഫ്.പി8/1278/11 തിയതി 16.12.11 | 6 |
| 2006-2007 | എൽ.എഫ്.പി8/1279/11 തിയതി 10.11.11 | 8 |
| 2007-2008 | എൽ.എഫ്.പി8/2208/12 തിയതി 5.2.13 | 6 |
| 2008-2009 | എൽ.എഫ്.പി8/1677/12 തിയതി 31.12.12 | 8 |
| 2009-2010 & 2010-2011 | എൽ.എഫ്.പി8/1006/13 തിയതി17.3.2014 | 7 |
| 2011-2012 | എൽ.എഫ്.പി8/1949/14 തിയതി 4.2.15 | - |
| 2012-13 | എൽ.എഫ്.പി19/464/15 തിയതി 13.4.15 | 4 |
| 2013-14 & 2014-15 | കെ.എസ്.എ - പികെഡി8/335/2016/7.4.16 | 5 |
| 2015-16 | കെ.എസ്.എ - പികെഡി19/2293/2016/28.12.16 | 1 |
| 2016-17 | കെ.എസ്.എ - പികെഡി19/1816/2017/23.10.17 | 9 |
| 2017-18 | കെ.എസ്.എ - പികെഡി19/1887/18/19-9-2018 | 25 |
| 2018-19 | കെ.എസ്.എ-പികെഡി-19/1518/2019/13.1.20 | 15 |
| 2019-20 | കെ.എസ്.എ - പികെഡി-19/461/21/16-4-2021 | 25 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## വിവിധ പത്രികകൾ-സംഗ്രഹം

1. രസീത് & പെയ്മെന്റ് പത്രിക

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | Bank | RP-40(a) | 2,08,94,967.00 |
| | Cash | RP-40(a) | 0.00 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 17,31,187.00 |
| 130000000 | Rental Income from Panchayat Properties | RP-3 | 15,000.00 |
| 140000000 | Fees a User Charges | RP-4 | 7,93,631.00 |
| 150000000 | Sale a Hire Charges | RP-5 | 6,86,179.00 |
| 160000000 | Revenue Grants, Funds, Contributions Et Compensations | RP-7 | 8,40,62,699.00 |
| 171000000 | Interest Earned | RP-9 | 21,765.00 |
| 320000000 | Grants, Funds Et Contributions for Specific Purposes | RP-31 | 1,06,95,085.00 |
| 350000000 | Other Liabilities | RP-36 | 3,46,746.00 |
| Non Operating | | | |
| 170000000 | Income from Investments | RP-8 | 0.00 |
| 180000000 | Other Income | RP-10 | 66,744.00 |
| 330000000 | Secured Loans | RP-32 | 26,40,000.00 |
| 340000000 | Deposits Received | RP-34 | 4,59,862.00 |
| 350000000 | Other Liabilities | RP-36 | 4,56,516.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 46,74,619.00 |
| 460000000 | Loans, Advances and Deposits | RP-47 | 16,71,272.00 |
| Grand Total | | | 12,92,16,272.00 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 43,00,346.00 |
| 220000000 | Administrative Expenses | RP-12 | 18,12,331.00 |

| | | | |
|---|---|---|---|
| 230000000 | Operations Et Maintenance | RP-13 | 72,99,025.00 |
| | | | |
| 250000000 | Decentralised Plan Programme - Productive Sector | RP-15 | 1,68,11,394.00 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 1,74,61,154.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-17 | 99,45,993.00 |
| 253000000 | Decentralised Plan Programme - Projects not included in | RP-18 | 14,38,716.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes | RP-19 | 38,19,161.00 |
| 255000000 | Maintenance Projects | RP-20 | 1,29,89,202.00 |
| 280000000 | Prior Period Item | RP-26 | 3,79,446.00 |
| 320000000 | Grants, Funds Et Contributions for Specific Purposes | RP-31 | 1,35,16,608.00 |
| 350000000 | Other Liabilities | RP-36 | 90,50,450.00 |
| Non Operating | | | |
| 240000000 | Interest a Finance Charges | RP-14 | 2,155.00 |
| 270000000 | Provisions and Write off | RP-23 | 93,255.00 |
| 280000000 | Prior Period Item | RP-26 | -46,761.00 |
| 330000000 | Secured Loans | RP-32 | 11,40,354.00 |
| 340000000 | Deposits Received | RP-34 | 1,39,555.00 |
| 350000000 | Other Liabilities | RP-36 | 35,54,643.00 |
| 410000000 | Fixed Assets | RP-38 | 21,83,725.00 |
| 412000000 | Capital Work In Progress | RP-40 | 41,81,629.00 |
| 431000000 | Sundry | RP-43 | 30,55,038.00 |

| | | | |
|---|---|---|---|
| | Debtors (Receivables) | | |
| 440000000 | Pre-paid Expenses | RP-45 | 28,80,000.00 |
| 460000000 | Loans, Advances and Deposits | RP-47 | 12,34,434.00 |
| | Closing Balance | | |
| | Bank | RP-40(b) | 1,19,08,693.00 |
| | Cash | RP-40(b) | 65,726.00 |

2. ഇൻകം& എക്സ്പെൻഡിച്ചർ പത്രിക

| | Code | Head Of Account | Schedule | Amount(Rs.) |
|---|---|---|---|---|
| | | Income | | |
| | 110000000 | Tax Revenue | 1-1 | 62,26,340.00 |
| | 130000000 | Rental Income from Panchayat Properties | 1-3 | 13,35,780.00 |
| | 140000000 | Fees Et User Charges | 1-4(b) | 10,94,271.00 |
| | 150000000 | Sale Et Hire Charges | 1-5(b) | 7,49,179.00 |
| | 160000000 | Revenue Grants, Funds, Contributions Et Compensations | 1-6 | 19,27,17,387.00 |
| | 170000000 | Income from Investments | 1-7 | |
| | 171000000 | Interest Earned | -8 | 21,765.00 |
| | 180000000 | Other Income | -9 | 80,667.00 |
| | A | Total-Income | | 2,20,22,25,389.00 |
| | | Expenditure | | |
| | 210000000 | Establishment Expenses | I-10(b) | 1,52,21,744.00 |
| | 220000000 | Administrative Expenses | 1-11(b) | 18,29,831.00 |
| | 230000000 | Operations Et Maintenance | 1-12(b) | 74,53,330.00 |
| | 240000000 | Interest Et Finance Charges | 1-13 | 2,155.00 |
| | 250000000 | Decentralised Plan Programme - Productive Sector | 1-14 | 1,82,92,153.00 |
| | 251000000 | Decentralised Plan Programme - Service Sector | 1-14(a) | 6,05,44,238.00 |
| | 252000000 | Decentralised Plan Programme - Infrastructure Sector | 1-14(b) | 99,78,289.00 |
| | 253000000 | Decentralised Plan Programme - Projects not included in Sector | 1-14(c) | 14,38,716.00 |
| | | Division | | |
| | 254000000 | Expenditures of Transferred | 1-14(d) | 7,53,39,661.00 |

| | | | | |
|---|---|---|---|---|
| | | Institutions and State Sponsored Schemes | | |
| | | (not included under Decentralised Plan Programme) | | |
| | 255000000 | Maintenance Projects | -14 | 1,29,89,202.00 |
| | 270000000 | Provisions and Write off | 1-16 | 3,33,949.00 |
| | B | Total-Expenditure | | 20,34,23,268.00 |
| C | = A-B | Gross Surplus/Deficit of Income over Expenditure | | -11,97,879.00 |
| D= | 280000000 | Prior Period Item | 1-18 | 3,45,485.00 |
| | E = C-D | Gross Surplus/Deficit of Income over Expenditure after prior | | -15,43,364.00 |
| | | period items | | |
| | 290000000 | Transfer to Reserve Funds | | |
| | | Net Balance being surplus/deficit carried over to Balance sheet | | |
| | | (Panchayat Fund) | | |

3. ബാലൻസ് ഷീറ്റ്

| Code No. | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve& Surplus | | |
| 310000000 | Muncipal (General) Fund [Code No 310] | B-1 | 8899326.35 |
| 311000000 | Earmarked Funds | B-2 | 0.00 |
| 312000000 | Reserves | B-3 | 90064532.00 |
| | Total Reserve& Surplus | | 98963858.35 |
| | Grants,Contributions for specific purposes | | |
| 320000000 | Grants, Funds a Contributions for Specific Purposes | B-4 | 8829835.00 |
| | Total Grants,Contributions for specific purposes | | 8829835.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 26114717.00 |
| | Total Loans | | 26114717.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 1789916.00 |
| 341000000 | Deposit Works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 1425750.65 |
| | Total Current Liabilities and | | 3215666.65 |

| | | | |
|---|---|---|---|
| | Provisions | | |
| | TOTAL LIABILITIES | | 137124077.00 |
| | ASSETS | | |
| | Current Liabilities and Provisions | | |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.00 |
| | Total Current Liabilities and Provisions | | 0.00 |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 86404095.00 |
| 412000000 | Capital Work In Progress | B-11(a) | 6886055.00 |
| | Total Fixed Assets | | 93290150.00 |
| | Current Assets,Loans and Advances | | |
| 430000000 | Stock-in-hand | BA 4 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 5369805.00 |
| 440000000 | Pre-paid Expenses | B-16 | 26054717.00 |
| 450000000 | Cash and Bank balance | BA 7 | 11974419.00 |
| 460000000 | Loans, Advances and Deposits | BA 8 | 434986.00 |
| | Total Current Assets,Loans and Advances | | 43833927.00 |
| | TOTAL ASSETS | | 137124077.00 |